| To Develop listening skills and reading skills | **Listening skills**<br>Games , action songs , conversation skill stories .use ICT<br>**Speaking Skills**<br>description , growing sentence Picture Reading , Picture Description , Self introduction Assembly activities Speech Book review Quiz, Riddles<br>**Reading Skills**<br>News paper reading<br>library books reading<br>Book review<br>Find Words | June- July to March | Teacher Parents | |

| | | | | |
|---|---|---|---|---|
| | Rhyming Words<br>Describing words<br>Text Book activities<br>work sheet activities<br>**writing skills**<br>Make word web<br>Picture description<br>word and sentence chain<br>make words and sentences<br>make riddles<br>Conversation<br>Add more lines<br>Develop Story<br>Description<br>Notice Proclamation<br>Dairy<br>Letter . Magazin | | | |

# സ്റ്റാൻഡേർഡ് **IV**

## അക്കാദമിക് മാസ്റ്റർ   പ്ലാൻ

## **2025-26**

## പരിസരപഠനം

# ആമുഖം

അധ്യയന വർഷത്തിൽ നാലാം ക്ലാസ്സിലെ പരിസര പഠന വിഷയത്തിൽ തയ്യാറാക്കിയ രൂപരേഖയാണിത് , പുതിയ പാഠപുസ്തകമായതിനാൽ കഴിഞ്ഞവർഷത്തിലുപരി പഠനപ്രവർത്തനങ്ങൾ വളരെ ലളിതമായും ലഘൂകരിച്ചതുമാണ് മുഴുവൻ കുട്ടികളെയും ഉള്‌കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ രൂപരേഖയാണിത്

പഠന പ്രവർത്തനങ്ങൾ കൂടുതൽ രസകരമാകുന്നതിനും ആകാംഷ ഉളവാക്കുന്നതിനുമായും സ്വയം വിലയിരുത്തൽ പരസ്പ്പര വിലയിരുത്തൽ വിദ്യാലയത്തെയും ചുറ്റുപാടുകളെയും വിലയിരുത്തൽ പടനാപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്ന വിവിധ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | **ചുമതലകൾ** | സാമ്പത്തികം |
|---|---|---|---|---|
| • പ്രകൃതി നടത്താം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | നിരീക്ഷണം അറിവ് നിർമ്മാണം | ആവശ്യാനുസരണം | | |
| • ശാസ്ത്രമൂല ശാസ്ത്രത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കാൻ | വര്ഷം മുഴുവൻ | | |
| • ശാസ്ത്ര യാത്ര വന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ശാസ്ത്ര പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | ആവശ്യാനുസരണം | | |
| • ഭൂപടമൊരുക്കാം കേരളം ഇന്ത്യ ഭൂപട | ഭൂപട വായന ഭൂപട രചന സൂചിക | | | |

| | | | | |
|---|---|---|---|---|
| വായന | | | | |
| ശാസ്ത്ര വിസ്മയ ചുവർ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ശാസ്ത്ര പഠനം രസകരമാക്കൽ | | | |
| ശാസ്ത്രഗരോത്സവം പഠനഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്) ചാർട്ട് ആൽബം പഠനോപകരണം പരീക്ഷണം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷത്തിലൊരിക്കൽ | | |
| ശാസ്ത്ര മാസിക ശാസ്ത്ര പഠനത്തിലൂടെ നേടിയ മാസികകളുടെ നിർമ്മാണം | അറിവുകളുടെ രചന | വര്ഷത്തിലൊന്നു | | |

# സ്റ്റാൻഡേർഡ് IV

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# ഗണിതം

# ആമുഖം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം പ്രവർത്തനങ്ങളെ കളികളാണ് സർഗാത്മക പ്രവർത്തനങ്ങളാണ് കണ്ണിചേർത്തുകൊണ്ടാണ് ഗണിതപഠനം അവതരിപ്പിക്കുന്നത് കുട്ടികളുടെ താൽപ്പര്യവും ജിജ്ഞാസയും ഉണർത്തതാണ് ഉതകുന്ന വിധം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് യുക്തിചിന്ത വിശകലനാത്മക ചിന്ത പ്രശ്ന പരിഹരണം എന്നെ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിനു ജ്യാമിതി സഹായകരമാണ് **,** അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നത്ഗിന് ജ്യാമിതി പ്രയോജന പ്രദമാണ് സ്ഥലപരവും ദിശപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാനമായ പങ്കു വഹിക്കുന്നുണ്ട്

| മേഖല : അക്കാദമികം | ഉപ മേഖല : ഗണിതം | വിഷയം: ഗണിതാശയങ്ങളിലും ക്രിയകളിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കൽ | |
|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| ജാമിതീയ സൗന്ദര്യം തിരിച്ചറിയൽ ജാമിതീയ രൂപങ്ങൾ തിരിച്ചറിയാനും അവ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കാൻ | ജാമിതീയ രൂപങ്ങൾ തിരിച്ചറിയൽ ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞു രേഖപ്പെടുത്തൽ തോണി നിർമ്മാണം വെജിറ്റബിൾ പ്രിന്റിങ് ( ചതുരം വട്ടം ത്രികോണം ) എന്നെ രൂപങ്ങൾ ചേർത്ത വച്ച് ഇഷ്ട്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു | **June** | |
| **2000**വരെയുള്ള സംഖ്യകൾ വായിക്കുക എഴുതുക നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും ഉപയോഗപ്പെടുത്തേണ്ടിവരുന്ന സന്ദർഫങ്ങളിൽ അത് ഉപയോഗപ്പെടുത്തുക | ഓരോ കുട്ടിക്കും കണക്ക് പെട്ടി ടോക്കൺ കാലിനോട്ടുകൾ സംഖ്യാ കമ്പ കെട്ടുകൾ സംഖ്യാ സ്ലിപ്പുകൾ അബാക്കസ് സ്ഥാനവില പോക്കറ്റ് സാംഖ്യകൾ മാറ്റി മാറ്റി നാലക്ക സംഖ്യാ പറയിപ്പിക്കുന്നു | **July August** | |
| നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ **cm m** എന്നിവ പരിചയപ്പെടുത്തുന്നതിനു അവസരം ഒരുക്കുന്നു സ്കെയിൽ ടേപ്പ് എന്നിവ ഉപയോഗിച്ചുള്ള നീളം വണ്ണം എന്നിവ | സ്കെയിൽ നിർമ്മാണം കുട്ടികളുടെ ഉയരം വണ്ണം തൂക്കം ക്യാമ്പ് സംഘടിപ്പിക്കുന്നു | **September october** | |

| | | | |
|---|---|---|---|
| അളക്കുക യൂണിറ്റുകൾ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്തുക | | | |
| നിത്യ ജീവിതത്തിൽ സന്ദർഭങ്ങൾക്കനുസരണമായി മൂന്നക്ക സംഖ്യകളുടെ സങ്കലന വ്യവകലന ക്രിയകൾ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്തു നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈ വരിക്കുന്നു മൂന്നക്ക സംഖ്യകളുടെ വ്യത്യസ്ത രീതിയിലുള്ള സങ്കലനം | പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം | **October November** | |
| സമയം അറിയുന്നതിനുള്ള അനുയോജ്യമായ ഉപകരണങ്ങൾ സൂക്ഷ്മതയോടെയും കൃത്യതയോടെയും കൈകാര്യം രാവിലെ ചെയ്യുക മനസിലാക്കുക ഉച്ചക്ക് കലണ്ടർ നോക്കി മാസം തീയ്യതി വര്ഷം ഇവ തിരിച്ചറിയാനും പറയാനുമുള്ള ശേഷി കൈവരിക്കുക | സ്കൂൾ ടൈം ടേബിൾ **9 :30** ആദ്യ പിരിയഡിനുള്ള ബെൽ**, 12 :30** ഉച്ച ഭക്ഷണത്തിനുള്ള ബെൽ **,3 :30** സ്കൂൾ സമയം കഴിയുന്ന ബെൽ സ്കൂൾ കലണ്ടർ നിർമ്മാണം | **November** | |
| ഒൻപത് വരെയുള്ള സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുക | സംഖ്യ കാർഡിൽ നിന്നും ഉചിതമായവ തിരഞ്ഞെടുക്കുന്നു ഗുണാനവസ്തുതാ കാർഡ് നിർമ്മാണം | **December** | |
| നിത്യ ജീവിതത്തിലെ പറയ്യോഗിക | സംഖ്യ കാർഡ് മെടിക് മേള | **January** | |

| | | | |
|---|---|---|---|
| പ്രശ്നങ്ങൾ ഉചിതമായ ക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനുള്ള ശേഷി നിശ്ചിത എണ്ണത്തെ തുല്യമായി എങ്ങനെ വീതിക്കാം അന്നുള്ള ശേഷി നേടുന്നു | ഗണിതോത്സവം | **february** | |
| വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉള്ളളവ് ഭാരം എന്നിവയുമായി ബന്ധപ്പെട്ട്ട ആശയങ്ങൾ ഏകകങ്ങൾ എന്നിവ കൃത്യതയോടെ ഉപയോഗിക്കുന്നു ഉള്ളളവ് ഭാരം എന്നിവ അളകുന്നതിന് അനുയോജ്യമായ ഉപകരണങ്ങൾ സൂക്ഷ്മതയോടും കൃത്യതയോടെയും കൈകാര്യം ചെയ്യുന്നു | മെട്രിക് മേള | **February** | |

| | | | |
|---|---|---|---|
| മേഖല : അക്കാദമികം | ഉപ മേഖല : ഗണിതം | വിഷയം: ചതുഷ്ക്രിയകളിലുണ്ടാകാവുന്ന പിന്നോക്കാവസ്ഥ പരിഹരിക്കൽ | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| യുക്തി ചിന്ത വിശകലനാത്മക ചിന്ത പ്രശ്നപരിഹാരം എന്നെ ശേഷികൾ ഇടുന്നു ജാമിതീയ രൂപങ്ങൾ തിരിച്ചറിയാനും അവ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കാനുമുള്ള ശേഷി വെജിറ്റബിൾ പ്രിന്റിങ് ചെയ്യൽ | ജാമിതീയ രൂപങ്ങൾ തിരിച്ചറിയൽ ചതുരം വട്ടം ത്രികോണം എന്നെ രൂപങ്ങൾ തിരിച്ചറിഞ്ഞു രേഖപ്പെടുത്തൽ തോണി നിർമ്മാണം വെജിറ്റബില് പ്രിന്റിങ് | **June** | |
| **1000**വരെയുള്ള സംഖ്യകൾ വായിക്കുക എഴുതുക നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും ഉപയോഗപ്പെടുത്തേണ്ടിവരുന്ന സന്ദർഫങ്ങളിൽ അത് ഉപയോഗപ്പെടുത്തുക | സംഖ്യാ കമ്പ കെട്ടുകൾ സംഖ്യാ സ്ലിപ്പുകൾ അബാക്കസ് സ്ഥാനവില പോക്കറ്റ് സാംഖ്യകൾ മാറ്റി മാറ്റി നാലക്ക സംഖ്യാ പറയിപ്പിക്കുന്നു | | |

# STD IV

# ACADEMIC MASTER PLAN

# 2025-26

# ENGLISH

**Aim**

- **To speak , read & write English without Mistakes**
  **Time : June ,July, August**

**June**

**Pretest**

**To develop listening skills and reading skills**

**First**

**listening skills**

**Games, action song hello English activities Conversations , skit stories use ICT**

**Speaking skills**

Description ,growing sentences picture reading picture description self introduction assambly activities self introduction ets

July Aug

**Reading skills**

**news paper reading library books reading find words rhyming words , describing words etc**

**Writing skills**

**Make word web ,**

Picture description

word and sentence chain

make words and sentences make riddles

Conversation

Add more lines

Develop Story

Description

Notice Proclamation

Dairy

Letter . Magazin

# للصف الابتدائي

# ACADEMIC MASTER PLAN

# 2025-26

# اللغة العربية

# അക്കാഡമിക് മാസ്റ്റർ പ്ലാൻ 2024-25

## അറബിക്

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്
2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം
3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു
4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്
5. മാഗസിൻ നിർമ്മാണം
6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷരകാർഡുകൾ നൽകുന്നു<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICTഉപയോഗിക്കുന്നു | 1.തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| പദനിർമാണം<br>പദശേഖരണം | 1.അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2.പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു<br><br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ<br>.......................................<br>നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസ-രിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ - മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

## U P വിഭാഗം

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ പ്രധാന ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി കുട്ടികളുടെ സമഗ്ര വികാസത്തിന് അനുഗുണമായ പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം കൈവരിക്കാനായി പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ പരിഗണിച്ച് "ശ്രദ്ധ" ക്ലാസ്സുകളും അതിലൂടെ എല്ലാ വിഷയങ്ങൾക്കും പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിഗണിച്ച് മികച്ച ക്ലാസുകളും നടപ്പിലാക്കി വരുന്നു. ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി E-cube ഇംഗ്ലീഷ് ക്ലാസുകളും നടപ്പിലാക്കി വരുന്നു. USS പോലുള്ള മത്സരപരീക്ഷ തയ്യാറെടുപ്പുകൾ ആരംഭിച്ചു. വായന പരി പോഷിപ്പിക്കാൻ റീഡിങ് ക്ലബ്ബ് ഗണിതം ലളിതമാക്കാനും ഹിന്ദി ഭാഷാ പഠനം എന്നിവയ്ക്ക് പ്രത്യേകം ക്ലാസുകൾ നടന്നുവരുന്നു. ഇപ്രകാരം എല്ലാതലത്തിലും ഗുണമേന്മ ഉറപ്പാക്കി കൊണ്ടുള്ള പ്രവർത്തനങ്ങൾ ആണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# പൊതുലക്ഷ്യങ്ങൾ

- *അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.
- *പാഠ്യപദ്ധതി ലക്ഷ്യമിട്ട ശേഷികളും ധാരണകളും കുട്ടി നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- *എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക.
- * മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ് ഹിന്ദി എന്നീ ഭാഷകളിൽ ഉയർന്നശേഷികൾ കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ വികസിപ്പിക്കുക.
- * ലിംഗപദവിയും അവസരത്തുല്യതയും സംബന്ധിച്ച കാഴ്ചപ്പാടിന് ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- *പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ ഭിന്നശേഷിവിഭാഗക്കാരായ കുട്ടികൾക്ക് ഉൾപ്പെടെ പ്രയോജനം
- പ്രയോജനപ്പെടുന്ന ആധുനിക ശാസ്ത്ര സാങ്കേതിക സാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.
- *സമഗ്ര പുരോഗതി രേഖ തയ്യാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകൾ ആണെന്ന് രക്ഷകർത്താക്കളെയും
- പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തുക.

- *മൂല്യനിർണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുക പരിഷ്കരിക്കുക.
- *മൂല്യനിർണയം എന്നത് കേവലം എഴുത്തു പരീക്ഷ എന്നതിലുപരി യുപി ക്ലാസ്സുകളിൽ കുട്ടികളുടെ വായന ആലാപനം
- എഴുത്ത് സ്വർഗ്ഗ രചന എന്നിങ്ങനെ വ്യത്യസ്തങ്ങളായ കഴിവുകൾ വിലയിരുത്തപ്പെടേണ്ടതുണ്ട്.
- *സാങ്കേതികവിദ്യ സൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
- *ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
  - *കുട്ടികളുടെ സാമൂഹിക അക്കാദമിക പശ്ചാത്തലം മനസ്സിലാക്കുന്നതിനായി അധ്യാപകർ ഭവന സന്ദർശനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
  - *മയക്കുമരുന്ന് ലഹരി എന്നിവയ്ക്കെതിരെ നിലപാട് കൈക്കൊള്ളുന്നതിനായി പഠനപ്രവർത്തനങ്ങളുടെ ഭാഗമായും
  - അല്ലാതെയും ഉള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക.
  - *ശുചിത്വ വിദ്യാലയം ഹരിതവിദ്യാലയം എന്ന പ്രവർത്തന പദ്ധതി സ്കൂൾ തലത്തിൽ ഫലപ്രദമായി നടപ്പിലാക്കുക.
  - *കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

# മേഖല യുപി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1 ) ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | • എൻ്റെ അവധികാലം.<br>പഠിതാക്കൾ അവരുടെ അവധിക്കാലം അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ(കഥ, കവിതയാത്രാനുഭവം അനുഭവക്കുറിപ്പ്)അവതരിപ്പിക്കുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ | |
| | • ഭാഷ കേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | | | |
| | • വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺമാസം | മലയാളം അധ്യാപകർ | |
| | • വാർത്താ ലോകത്തേക്ക്<br>പത്രം ,ആഴ്ച്ചപ്പതിപ്പ് ,മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | ജൂൺമാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ | • വാർത്താ വായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.ക്ലാസ് | എല്ലാദിവസവും | | |

| | | | | |
|---|---|---|---|---|
| വായന ഉറപ്പുവരുത്തുക | തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br>• അതാത്മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | പ്രതിമാസം<br>വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം അധ്യാപകർ<br>മലയാളം ക്ലബ്ബ്<br>മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ്<br>മലയാളം ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 3) സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തുക | • സംവാദം/മുഖാമുഖം<br>സാഹിത്യകാരന്മാർ, എഴുത്തുകാരന്മാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ് മലയാളം അധ്യാപകർ | PTA |
| 4) മലയാളം കമ്പ്യൂട്ടറിൽ പരിജ്ഞാനം നേടിയെടുക്കലും സർഗാത്മ ശേഷി വളർത്തലും | • ഇ-കമ്പ്യൂട്ടറിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിൽ പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ടുവർഷം | മലയാളം ,ഐ ടി അധ്യാപകർ | |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | • രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ കാഴ്ചകൾ നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലി അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | PTA സ്കൂൾ | മലയാളം ക്ലബ്ബ് |
| 6) കുട്ടികളുടെ ആകാശവാണി | • സ്കൂൾ എഫ് എം<br>വിശേഷം ജനങ്ങളും ആയി ബന്ധപ്പെട്ട പരിപാടികൾ | | | PTA |

| | | | | |
|---|---|---|---|---|
| | അവതരിപ്പിക്കുന്നു.വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായി അഭിമുഖം നടത്തുന്നു.വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന് ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന് പിന്നീട് എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

# മേഖല യുപി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായ ഇംഗ്ലീഷ് ശ്രമിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | • Lend Your Ear<br>ലളിതവും രസകരവും ആയി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | • Follow Me If You Can<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | • Breaking News<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം നൽകുന്നു | നവംബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | • Missing Man<br>അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു . | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു .<br><br>• Treasure Hunt<br>വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറുകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്താണെന്ന് മറ്റു കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു .<br><br>• Meet the foreigner<br>തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്താനുള്ള അവസരം ഒരുക്കുന്നു. | ആഗസ്റ്റ്<br><br>വർഷത്തിൽ ഒരുതവണ | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | • One Man Show<br>ആശയം നൽകി ഇംഗ്ലീഷിൽ ഏത് അഭിനയത്തിന് പ്രോത്സാഹനം നൽകുന്നു<br><br>• I Too Can !!<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റ് കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതും സങ്കീർണ്ണം ആയതിലേക്ക് )<br><br>• Leaning Ladder<br>പട ഭാഗത്ത് നിന്നും തിരഞ്ഞെടുത്തു കുറച്ചു വാക്കുകൾ എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായ കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു.<br><br>• FM Corner and Readers Theatre<br>വ്യത്യസ്തമായ കഥകൾ റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു .<br><br>• Reader of the Month | ഒക്ടോബർ<br><br>ജൂലൈ<br><br>സെപ്റ്റംബർ<br><br>ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 3) തെറ്റു കൂടാതെ ഇംഗ്ലീഷ് എഴുതുവാൻ പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of Month നെ ആദരിക്കുന്നു.<br><br>• My Droplets<br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു.<br><br>• Alert Zone<br>സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും ആയിപ്രദർശിപ്പിക്കുന്നു . | മാസംതോറും<br><br>വർഷാവസാനം<br><br>ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | • Run Baby Run<br>ക്ലാസിലെ ഗ്രൂപ്പുകൾ ആക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുക എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br><br>• Fun time Funda<br>കടംകഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കിയ ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.<br><br>• The Grand Camp<br>ഇംഗ്ലീഷ് പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു .5 ,6 ,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ടു വരാൻ അവസരം ഒരുക്കുന്നു. അഞ്ചാം ക്ലാസിൽ കഥ പറയൽ കഥയെഴുത്ത് ആറിന് റോൾപ്ലേ നാടകം എന്നിവ, ഏഴാം ക്ലാസിന് പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഫിലിം ഷോ /ഡോക്യുമെന്ററി. | ഫെബ്രുവരി<br><br>എല്ലാ ഇംഗ്ലീഷ് പിരീഡും<br><br>വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകർ പിടിഎ ഭാരവാഹികൾ രക്ഷിതാക്കൾ | |

# മേഖലാ യുപി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 1.5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ : ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചു എടുക്കുക. | • പുതിയ പദങ്ങൾ,പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും.ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, ICT വഴി അക്ഷര രചന കാണിക്കൽ എന്നിവ വാക്കുകൾ നിർമാണം,അക്ഷര കാർഡ്,വാക്കുകൾ എഴുതിയ കാർഡുകൾ, പ്രദർശിപ്പിക്കുക | ജൂൺ മുതൽ ജൂലൈ വരെ | ഹിന്ദി അധ്യാപകർ (അക്ഷര ചാർട്ട്, പാഠപുസ്തകം -സാമഗ്രികൾ) | BRC, PTA, SRG |
| 2) ഭാഷാപോഷിണി പ്രവർത്തനങ്ങൾ - ഹിന്ദി വായന: തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള | • നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ,അതിന്റെ ഹിന്ദിയിൽ വാക്യമുള്ളവ യുള്ളവയുടെ പ്രദർശനം. ഓരോ | ആഗസ്റ്റ് മുതൽ ഒക്ടോബർ | ഹിന്ദി അധ്യാപകർ, ( ഹിന്ദി | |

| | | | | |
|---|---|---|---|---|
| പരിശീലനം.<br><br>3) ഹിന്ദിയിൽ സംഭാഷണം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്ന വാക്കുകൾ സംഭാഷണ പരിശീലനത്തിലൂടെ പരിചയപ്പെടുത്തും.<br><br>4) ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുക: സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകുന്നു. | ക്ലാസിലും ദിവസവും ഹിന്ദി വായന ശീലമാക്കും. ഡയറിക്കുറിപ്പുകൾ, കവിതകൾ, കഥകൾ,എന്നിവയുടെ വായന.<br><br>• ഹിന്ദിയിൽ സംസാരിക്കാൻ പരിശീലിപ്പിക്കും. അവരുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ ചോദിക്കാൻ പ്രോത്സാഹനം നൽകും. മത്സര വായനകൾ സംഘടിപ്പിക്കും. അധിക വായനയ്ക്കായി കഥാപുസ്തകങ്ങളും മറ്റു മാസികകളും നൽകും.<br><br>ഹിന്ദി അസംബ്ലി, ദിനാചരണങ്ങൾ, ക്ലാസ് ലൈബ്രറി പ്രയോജനപ്പെടുത്തുക, ചിത്ര വായന, സംഭാഷണം എഴുതുക, കഥ പറയുക, വാക്യ പൂർത്തീകരണം, ഹിന്ദി ക്ലബ്ബ് പ്രവർത്തനം. | വരെ.<br><br>പ്രതിദിനം<br><br>നവംബർ മുതൽ ഫെബ്രുവരി വരെ. | നിഘണ്ടു, പുസ്തകങ്ങൾ, കാർഡുകൾ,- സാമഗ്രികൾ )<br><br>ഹിന്ദി അധ്യാപകർ, മറ്റ് അധ്യാപകർ, ( വീഡിയോ, ICT- സാമഗ്രികൾ )<br><br>ഹിന്ദി അധ്യാപകർ, ( മാസികകൾ, വായന കാർഡുകൾ, ചിത്ര കാർഡുകൾ - സാമഗ്രികൾ ) | BRC, PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5) CWSN, slow leaners, കുട്ടികൾക്ക് വേണ്ട പിന്തുണ നൽകുക : | • പ്രത്യേക പസിലുകൾ, ICT മുഖാന്തിരം പല പ്രവർത്തനങ്ങൾ നൽകി ആകർഷകമാക്കുക. ഹിന്ദിയുടെ അന്തരീക്ഷമുണ്ടാക്കിയെടുക്കുക. | ദൈനംദിന പ്രവർത്തനം. | ഹിന്ദി അധ്യാപകർ,മറ്റ് അധ്യാപകർ (ICT, പസിൽ കാർഡുകൾ ) | PTA, BRC, SRG |
| 6) ക്ലാസുകളിൽ ഹിന്ദിയുടെ അന്തരീക്ഷ ഉണ്ടാക്കിയെടുക്കാം : | ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം, വാർത്ത കാണുന്നതിനുള്ള അവസരം. | ദൈനംദിന പ്രവർത്തനം. | | |
| 7) കുട്ടികളുടെ മാനസിക ഉല്ലാസം നിലനിർത്തിക്കൊണ്ട് ഭാഷാ പഠനം. | AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനുള്ള പരിശീലനം. | 6 മാസം | ഹിന്ദി അധ്യാപകർ,ക്ലാസ് അധ്യാപകർ, മറ്റ് അധ്യാപകർ. | BRC, SRG |

# മേഖല യുപി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിതക്രിയകൾ എല്ലാം പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | • ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു( നമ്പർ കാർഡ് മഞ്ചാടിക്കുരു മുത്തുകൾ ഫ്ലാഷ് കാർഡ് തുടങ്ങിയവ ഉപയോഗിക്കുന്നു) | ജൂൺമാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | • ഓർഗാമി ശില്പശാല<br>ജാപ്പനീസ് കലയായ ഒരു ഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ<br>വിവിധ രൂപങ്ങൾ നിർമ്മിക്കുന്ന അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശന സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | • വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കാൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസ | ഗണിത അധ്യാപകനും ഗണിത ക്ലബ്ബിലെ | |

| | | | | |
|---|---|---|---|---|
| 4)ഗണിതം മധുരമാക്കൽ | • ഗണിത പാർക്ക്<br>ജ്യ മതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയം മുറ്റത്ത് പാർക്ക് സജ്ജമാക്കൾ | രണം | അംഗങ്ങളും | |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | • ഗണിത ഗ്രാമം<br>ഗണിതത്തിൽ പ്രാവീണ്യം ഉള്ള അധ്യാപകരെ മറ്റ് വിദ്യാലയങ്ങളിലും മറ്റു മേഖലകളിലും പ്രവർത്തിക്കുന്നവർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | ഒരു പ്രാവശ്യം<br>വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത ക്ലബ്ബ്<br>ഗണിത അധ്യാപകൻ ക്ലബ് ലീഡർമാർ | ഗണിത ക്ലബ്ബ്,പിടിഎ<br>പിടിഎ |
| 6) ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാരിതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐടി സാധ്യതകളിലൂടെ<br>ജമിതീയ രൂപങ്ങൾ ചതുഷ്ഠീയകൾ ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉൾപ്പെടുത്തി ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | • ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകനും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗം നിർദേശങ്ങൾ നൽകുന്ന പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകനും സമൃദ്ധരായ കുട്ടികളും | |
| 8) വിവിധശേഷികളുടെ വികസനം | • ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിരാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്ആർജിയിൽ രൂപപ്പെടുത്തുന്ന നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | | | |

# മേഖല യുപി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • നിശാഗന്ധിജൈവവൈവിധ്യ പാർക്ക്.<br><br>ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം ശലഭോ ധ്യാനം കുളം ജൈവവേലി മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം<br><br>• കണ്ടറിയാനൊരു യാത്ര<br><br>ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം കാവുകൾ സന്ദർശനം കണ്ടൽക്കാട് നിരീക്ഷണം പുഴയെ അറിയാനുള്ള യാത്രകൾ<br><br>• പരീക്ഷണ കളരി<br><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്ന പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്ന | അക്കാദമിക വർഷം<br><br>ജൂലൈ | ശാസ്ത്ര അധ്യാപകർ ഊർജ്ജക്ലബ്ബ് സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്<br><br>ശാസ്ത്ര അധ്യാപകർ ഹെൽത്ത് ക്ലബ് ഊർജ് ക്ലബ് സയൻസ് ക്ലബ്<br><br>ശാസ്ത്ര അധ്യാപകർ ഊർജ്ജക്ലബ്ബ് സയൻസ് ക്ലബ് | PTA<br><br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| 2) ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു<br><br>• മാസ്റ്റർ മൈൻഡ്<br><br>ഊർജ്ജ ക്ലബ്ബ് ആരോഗ്യ ക്ലബ്ബ് ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു<br><br>• എക്സ്പ്ലോ എക്സ്പ്ലോറർ<br><br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു<br><br>• ശാസ്ത്ര വിസ്മയ ചുമർ<br><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | ജൂൺ മുതൽ<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ ഊർജ്ജക്ലബ്ബ് സയൻസ് ക്ലബ്<br><br>ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | • മുഖാമുഖം<br>ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു<br><br>• യുറേക്ക<br><br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി<br><br>• വിസ്മയ യാത്ര<br><br>ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം<br><br>• Atal Thinkeningലബോറട്ടറി | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്<br>പി ടി എ<br><br>സയൻസ് ക്ലബ്<br>പി ടി എ<br><br>സയൻസ് ക്ലബ്<br>പി ടി എ |

| | | | | |
|---|---|---|---|---|
| 4)പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോൽസുകത വർദ്ധിപ്പിക്കൽ | | പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു.ത്രീഡി പ്രൊജക്ടറുകൾ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത ഫുള്ളാറിൻ പോലെയുള്ള മൂലകങ്ങളും അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ചുകൊടുക്കുന്നു ഇലക്ട്രോണിക് റോബോട്ടിംഗ് സാധ്യത ഉപയോഗിച്ച് ഉപകരണനിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്<br>പി ടി എ |

# മേഖലാ യുപി സാമൂഹ്യശാസ്ത്രം

## ക്ലാസ് 5

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഗ്രാമപ്രദേശങ്ങളുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുക | • ആൽബം തയ്യാറാക്കാം<br>ഗ്രാമ നഗരപ്രദേശങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കൽ | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 2) വിഷയത്തിന്റെ വിശദീകരണം പഠനത്തിന്റെ വിവരങ്ങൾ നൽകുക ആശയങ്ങൾ പ്രത്യക്ഷപ്പെടുത്തുക പ്രകടനങ്ങൾ സൃഷ്ടിക്കുക | • എന്റെ നാട്ടിലെ ഉല്ലാസങ്ങൾ<br>സെമിനാർ റിപ്പോർട്ട് അവതരണം | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 3) ഭക്ഷ്യമേള പ്രചാരണം ചെയ്യുക<br>ഭക്ഷ്യമേളയുടെ പ്രത്യേകതകൾ പ്രതിപാദിക്കുക | • ഭക്ഷ്യമേള<br>കുട്ടികളുടെ പരിസരത്തുനിന്ന് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് മുതിർന്നവരുടെ സഹായത്തോടെ ഭക്ഷണം തയ്യാറാക്കി ക്ലാസ്സിൽ കൊണ്ടുവരുന്ന വിഭവങ്ങളുടെ വിവരണം പങ്കിട്ടു കഴിക്കൽ | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 4) വിദ്യാർത്ഥി കേന്ദ്രീകരണം | • സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പ്<br>തെരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ | | | |

| | | | | |
|---|---|---|---|---|
| വളർത്തൽ<br>വിദ്യാർഥികൾക്ക് പ്രതിഭാശാലി ആകാൻ അവസരം നൽകുക<br>സ്വതന്ത്രവും നീതിപൂർവ്വവും ആയ തെരഞ്ഞെടുപ്പ് രീതി മനസ്സിലാക്കുന്നതിന്<br><br>5) നിർവഹണങ്ങൾ ഉണ്ടാക്കാനുള്ള കഴിവുകൾ വികസിപ്പിക്കുക ഭാവിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രചോദനം നൽകുക<br><br>6) വസ്ത്ര നിർമ്മാണ രീതിയെ കുറിച്ച് മനസ്സിലാക്കുക | പാലിച്ചുകൊണ്ട് വിദ്യാലയത്തിൽ പാർലമെൻറ് തിരഞ്ഞെടുപ്പ് നടത്തുന്നു ജൂലൈ സാമൂഹ്യശാസ്ത്ര അധ്യാപകൻ<br><br>• സ്വയംതൊഴിൽ സംരംഭം സന്ദർശനം<br>സമീപത്തുള്ള സ്വയം തൊഴിൽ സംരംഭം സന്ദർശിച്ച് പ്രവർത്തനങ്ങൾ നിരീക്ഷിച്ചു കുറിപ്പ് തയ്യാറാക്കുന്നു<br><br>• കൈത്തറി കേന്ദ്ര സന്ദർശനം<br>പ്രദേശത്തെ ഏതെങ്കിലും കൈത്തറി കേന്ദ്രം സന്ദർശിച്ച് അവിടുത്തെ വസ്ത്ര നിർമ്മാണ രീതിയെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. | ജൂലൈ<br><br>ആഗസ്റ്റ്<br><br>സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകൻ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7)സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെയും നിരാലംബരെയും സഹായിക്കാനുള്ള മനോഭാവം വളർത്തുക | • വസ്ത്ര ശേഖരണ കേന്ദ്രം സ്ഥാപിക്കൽ<br>സ്കൂളിന് സമീപത്തുള്ള വയോജന മന്ദിരങ്ങൾ അനാഥാലയങ്ങൾ ദുരിതാശ്വാസ ക്യാമ്പുകൾ എന്നിവിടങ്ങളിലേക്ക് പഴയതും വൃത്തിയുള്ളതുമായ വസ്ത്രങ്ങൾ ശേഖരിക്കുന്നു. | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 8) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | • ഗ്രാമസഭയിലേക്ക് ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 9)വിവിധതരം വാഹനങ്ങളെക്കുറിച്ച് അവബോധം വളർത്തുക | • എക്സിബിഷൻ<br>വ്യത്യസ്ത തരം വവാഹനങ്ങളുടെ മോഡൽ നിർമ്മിച്ച് അവയെ യഥാവിധി ക്രമീകരിച്ച് സ്കൂളിൽ ഒരു എക്സിബിഷൻ സംഘടിപ്പിക്കുന്നു | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

# ക്ലാസ് 6

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) മനുഷ്യ പരിണാമത്തെക്കുറിച്ച് ധാരണ നേടുക.<br>മനുഷ്യ ഉല്പത്തിയെ കുറിച്ച് ശാസ്ത്രീയ അവബോധം<br>കൃഷിയുടെ ആരംഭവും അത് മനുഷ്യ ജീവിതത്തിൽ വരുത്തിയ മാറ്റവും. | • മനുഷ്യ പരിണാമത്തെക്കുറിച്ച് മനുഷ്യനെക്കുറിച്ചും ശാസ്ത്രീയ അവബോധം നൽകുന്നതിനായി ഫ്ലോചാർട്ട് തയ്യാറാക്കൽ. വിവരങ്ങൾ ശേഖരിച്ച് ചിത്രങ്ങളും വിവരണവും ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുക. | ജൂൺ | അധ്യാപകർ<br>വിദ്യാർത്ഥികൾ | രക്ഷിതാക്കൾ |
| 2)വെങ്കല യുഗ സംസ്കാരങ്ങളുടെ സവിശേഷത. | • വെങ്കല യുഗ സംസ്കാരം ലിപികൾ പരിചയപ്പെടുന്ന കളിമൺ ഫലകം നിർമ്മിച് നിങ്ങൾക്കറിയാവുന്ന ലിപി എഴുതി ഉണക്കി ലാബിൽ പ്രദർശിപ്പിക്കുക.<br>• സാമൂഹ്യശാസ്ത്രം ലാബിന്റെ ഉൽപ്പന്നങ്ങളുടെ നിർമ്മാണം.<br>• കളിമൺ ഫലകം നിർമ്മിച്ച ലാബിൽ പ്രദർശിപ്പിക്കുന്ന പ്രവർത്തനം ഉപയോഗിക്കുന്ന ഈറത്തണ്ടിന്റെയും നിർമ്മാണം<br>• ലിപി കണ്ടെത്തൽ യൂണിഫോം ഹൈ റോ ഗ്ലിഫിക്സ് എന്നിവയിലൂടെ കടന്നുപോയ കുട്ടികൾ സ്വന്തമായി ലിപി കണ്ടെത്തി ചാർട്ട് | ജൂൺ<br>ആഗസ്റ്റ് | അധ്യാപകർ<br>വിദ്യാർത്ഥികൾ<br>കുട്ടികൾ<br>രക്ഷിതാക്കൾ<br>അധ്യാപകർ | പിടിഎ |

| | | | | |
|---|---|---|---|---|
| 3) ഗവൺമെന്റ് എന്താണ് ഗവൺമെന്റിന്റെ ഘടകങ്ങൾ എന്നിവയെ കുറിച്ച് ധാരണ നേടൽ.<br><br>4) രാഷ്ട്രവും ഗവൺമെന്റ് തമ്മിലുള്ള താരതമ്യം ഗവൺമെന്റിന്റെ വിവിധ ഘടകങ്ങളിലെ പ്രതിനിധികളുമായി ആശയവിനിമയം നടത്തൽ | പ്രദർശിപ്പിക്കൽ.<br>• ഗവൺമെന്റിന്റെ വിവിധ ഘടകങ്ങളിലെ പ്രതിനിധികളുമായി ആശയവിനിമയം നടത്തി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ അടുത്തറിയാൻ കുട്ടികൾക്ക് അവസരം നൽകുന്ന പ്രവർത്തനം.<br>• ജനപ്രതിനിധികളെ ക്ഷണിച്ച് അവരുടെ അനുഭവങ്ങൾ അഭിമുഖ ചോദ്യാവലിയായി അഭിമുഖം തയ്യാറാക്കുന്നു | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>സെപ്റ്റംബർ | അധ്യാപകർ വിദ്യാർഥികൾ<br><br>അധ്യാപകർ<br><br>അധ്യാപകർ | പിടിഎ |

## ക്ലാസ് 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | • സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ഓരോ പഠിതാവിനും നൽകുന്നു.<br>• ഇന്ത്യൻ സംസ്ഥാനങ്ങളെ പരിചയപ്പെടുത്തുന്നതിനും സ്ഥാനംകണ്ടെത്തുന്നതിനുമായി എല്ലാ കുട്ടികളെ കൊണ്ടും ഇന്ത്യയുടെ ഭൂപടം വരപ്പിക്കുകയും ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട വരുന്ന സംസ്ഥാനങ്ങൾ കുട്ടികൾ തന്നെ അടയാളപ്പെടുത്തുകയും സ്ഥാനം മനസ്സിലാക്കുകയും ചെയ്യുന്നു.<br>• അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു.<br>• കുട്ടികളെ ചരിത്രാവബോധമുള്ളവരാക്കാൻ മുകൾ കാലഘട്ടത്തിലെയും വിജയനഗര കാലഘട്ടത്തിലെയും പ്രധാനപ്പെട്ട | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപിക. | |

| | | | | |
|---|---|---|---|---|
| 2) പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | രാജാക്കന്മാരെയും അവരുടെ സംഭാവനകളും ഉൾപ്പെടുത്തി ഒരു ആൽബം നിർമ്മിക്കുന്നു<br><br>• ഐസിടി സാധ്യതകൾ ഉപയോഗിച്ച് ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുറിപ്പ് തയ്യാറാക്കുന്നു<br><br>• ഭക്തി സൂഫി പ്രചാരകരുടെ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള പുസ്തകങ്ങൾ കണ്ടെത്തി അവരുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും അതിൽ പ്രചോദനം ഉൾക്കൊണ്ട് പ്രവർത്തിക്കാനും പ്രാപ്തരാക്കുന്നു | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപിക. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക<br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br>4) പ്രകൃതിദുരന്തങ്ങളെ | • ഗ്രാമസഭാ വാർഡ് സഭാ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു<br>• അതിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സിൽ ഒരു ഗ്ലാസ് ചേരുകയും പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നു ക്ലാസ് സംഘടിപ്പിച്ചപ്പോൾ ഉയർന്നുവന്ന വികസനാശയങ്ങൾ ഉൾപ്പെടുത്തി ക്ലാസ് വികസനരേഖ തയ്യാറാക്കുന്നു തുടർന്ന് സ്കൂൾ വികസന സമിതി അംഗങ്ങൾക്ക് കൈമാറുന്നു.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ ജനപ്രതിനിധിയുമായ അഭിമുഖം സംഘടിപ്പിക്കുക<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നേരിട്ട് ബോധ്യപ്പെടുന്നതിനായി പഞ്ചായത്ത് ഓഫീസിലേക്ക് പഠനയാത്ര സംഘടിപ്പിക്കുക<br>• ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര അധ്യാപിക.<br><br><br><br><br><br><br><br><br><br><br><br>എച്ച് എം | |

| | | | | |
|---|---|---|---|---|
| കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങൾ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു<br><br>5) ഇന്ത്യൻ ഭരണഘടനയെ കുറിച്ചുള്ള അറിവ് ആർജിക്കുകയും കാലോചിതമായ അത് പരിഷ്കരിക്കേണ്ടത് ആവശ്യകത ബോധ്യപ്പെടുന്നു | സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങൾ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു<br><br>• ഭരണഘടനയുടെ സവിശേഷതകൾ എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുന്നു. *ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസിനായി ഒരു ഭരണഘടന തയ്യാറാക്കുന്നു<br>• കുട്ടികളുടെ സുരക്ഷയും ബോക്സോ നിയമവും എന്ന വിഷയത്തിൽ നിയമ വിദഗ്ധരുടെ സഹായത്തോടെ ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നു | ജൂലൈ<br><br>ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപിക.<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപിക. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6) വിവേചനങ്ങൾക്കെതിരെ നിലകൊള്ളാൻ കുട്ടികളെ പ്രാപ്തരാക്കുക | • വിവേചനത്തെ അതിജീവിച്ച വ്യക്തികളുടെ ജീവചരിത്രം ആത്മകഥ അനുഭവക്കുറിപ്പുകൾ എന്നിവ സ്കൂൾ ലൈബ്രറിയിൽ നിന്നും ശേഖരിച്ച് ഒരു പുസ്തകപ്രദർശനം സംഘടിപ്പിക്കുന്നു ഓരോ പുസ്തകത്തെക്കുറിച്ചും ലഘു കുറിപ്പുകൾ തയ്യാറാക്കുന്നു | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപിക. | |
| 7) സഹജീവികളോട് സമഭാവന വളർത്താൻ പ്രോത്സാഹിപ്പിക്കുന്നു | • പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരയായി വ്യക്തികൾ എന്നിവരെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും അവർ അനുഭവിക്കുന്ന അരികവത്കരണം മനസ്സിലാക്കുകയും ചെയ്യുന്നു ഇവർക്ക് വേണ്ടി കുട്ടികളാൽ കഴിയുന്ന സേവനം ചെയ്യാൻ സന്നദ്ധരാകുന്നു കുട്ടികൾ സ്വരൂപിച്ച സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമാകുന്നു | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപിക. | പിടിഎ |
| 8) വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങൾ ക്രിമിനൽ പ്രവർത്തനങ്ങൾ റോഡ് | • സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷാ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപിക. | പിടിഎ |

| | | | | |
|---|---|---|---|---|
| സുരക്ഷഎന്നിവയെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക<br><br>9) സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു<br><br>10) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | • പരിസ്ഥിതിയുടെ നാശത്തിന് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾ കണ്ടെത്തുകയും പരിഹാരം നിർദ്ദേശങ്ങൾ തയ്യാറാക്കുകയും ചെയ്യുന്നു ഇതുമായി ബന്ധപ്പെട്ട് ഒരു സെമിനാർ അവതരിപ്പിക്കുന്നു<br>• സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികൾ ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടുന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷാരംഭം.<br><br>അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപിക.<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപിക. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26

## ഹൈസ്കൂൾ വിഭാഗം

### മലയാളം

| ക്രമ. ന | പദ്ധതി | കാലയളവ് | ഭൌതികം | പിന്തുണ |
|---|---|---|---|---|
| 1 | കൈത്താങ്ങ് | ഒരു അക്കാദമികവർഷം | വായന കാർഡുകൾ, പുസ്തകങ്ങൾ | പി ടി എ |
| 2 | അക്ഷര വെളിച്ചം | " | വായനകാർഡുകൾ, പുസ്തകങ്ങൾ | അധ്യാപകർ |
| 3 | വായനക്കൂട്ടം | " | പുസ്തകങ്ങൾ, പത്രങ്ങൾ | ബിആർസി,<br>ലൈബ്രറി |
| 4 | എഴുത്തരങ്ങ് | " | പുസ്തകങ്ങൾ, | വിദ്യാരംഗം<br>കലാസാഹിത്യവേദി |
| 5 | രംഗവേദി | " | പാഠപുസ്തകങ്ങൾ, | വിദ്യാരംഗം<br>കലാസാഹിത്യവേദി |
| 6 | കലയരങ്ങ് | " | വീഡിയോസ് വിക്കിപീഡിയ, | ലൈബ്രറി വിദ്യാരംഗം |
| 7 | എന്റെ മലയാളം | " | കഥാപുസ്തകങ്ങൾ,<br>കവിതകൾ, | അധ്യാപകർ |

# ആമുഖം

സമഗ്ര ഗുണമേന്മ പദ്ധതി ലക്ഷ്യമിടുന്ന നേട്ടങ്ങളിലേക്ക് എല്ലാ വിഭാഗം കുട്ടികളെയും എത്തിക്കുക എന്നതാണ് ഭാഷാ പഠനം മുഖ്യമായും ഊന്നൽ നൽകുന്നത് ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുവാനാണ് ഓരോ അധ്യാപകരും ശ്രമിക്കേണ്ടത് അതിൽ ഭാഷ അധ്യാപകർ ക്കുള്ള പങ്ക് വളരെ വലുതാണ് ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടു കൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കാനാണ് ശ്രമിക്കുന്നത് പ്രത്യേക പരിഗണന അർഹിക്കുന്നതും പിന്നാക്കത്തിൽ നിൽക്കുന്നതുമായ കുട്ടികൾക്ക് സവിശേഷശ്രദ്ധ നൽകി അവരെയും മുൻനിരയിൽ എത്തിക്കാൻ ഭാഷാ പഠനം ലക്ഷ്യമിടുന്നു ആധുനിക സാങ്കേതികവിദ്യയുടെയും സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന്റെയും നേതൃത്വത്തിൽ ഈ സാക്ഷരത പോലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്താനും ഉദ്ദേശിക്കുന്നുണ്ട് ഓരോ ക്ലാസിൽ നിന്നും കുട്ടി പോകുമ്പോൾ അവർ  ആർജിക്കേണ്ട ശേഷികൾ ലഭിച്ചിട്ടുണ്ടെന്ന് ആത്മവിശ്വാസത്തോടെ പറയാൻ അധ്യാപകർക്ക് കഴിയണം അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആണ് ഈ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്

# പൊതുലക്ഷ്യങ്ങൾ

**1.** മലയാളം ഭാഷ വ്യവഹാരങ്ങൾ കൂടാതെ എഴുതാനും ആവിഷ്കരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക
**2.** ഒഴുക്കോടെയും  ശരിയായ ഉച്ചാരണത്തോടെയും ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനും ഉള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക
**3.** ഭാഷയിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും വിധിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക
**4.** സംസ്കാരത്തിന്റെ വിനിമയ ഉപാധി എന്ന നിലയിൽ മലയാള സാഹിത്യ പഠനത്തിൽ താൽപര്യം വളർത്തുക മാതൃഭാഷ സ്നേഹം വളർത്തുക
**5.** മികച്ച വായനാശീലം വികസിപ്പിക്കുക
**6.** മലയാളഭാഷാ പഠനത്തിൽ വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക
**7.** ഭിന്നശേഷി കുട്ടികളെ നേർധാര
 യിൽ എത്തിക്കുക
**8.** ക്ലാസിക്കൽ കലകൾ ആസ്വദിക്കാനുള്ള ശേഷി നേടുക
**9.** കാവ്യ വായന പ്രോത്സാഹിപ്പിക്കുക
**10.** ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് മലയാളഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തുക
**11.** സർഗാത്മക കഴിവുള്ള കുട്ടികളെ ഉൾപ്പെടുത്തി എഴുത്തു കൂട്ടം രൂപീകരിക്കുക
**12.** വായന പ്രോത്സാഹിപ്പിക്കുന്നതിന് വായനക്കൂട്ടം രൂപീകരിക്കുക പത്രവായനയ്ക്ക് പ്രാധാന്യം നൽകുക
**13.** ദൃശ്യ ഭാഷയുടെ സാധ്യതകൾ തിരിച്ചറിയുക
**14.** കുട്ടികളുടെ നാടകവേദിയെ കുറിച്ച് അവബോധം ഉണ്ടാക്കുക
**15.** അഭിനയ സാധ്യതകൾ മനസ്സിലാക്കി പാഠഭാഗങ്ങൾ ദൃശ്യാവിഷ്കാരം നടത്തുക
**16.** കുട്ടികളിൽ അന്തർലീനമായ അഭിനയ മികവുകൾ കണ്ടെത്താൻ രംഗവേദി രൂപീകരിക്കൽ **17.**പഠനയാത്രകളിലൂടെ സാഹിത്യ അഭിരുചി വളർത്തുക
**18.** പൊതു വിദ്യാഭ്യാസ രംഗത്ത് പുതിയ മാതൃകകൾ സൃഷ്ടിക്കുക
പദ്ധതികൾ

## 1.കൈത്താങ്ങ്

( ഭിന്നശേഷി കുട്ടികളെ നേർധാരയിൽ എത്തിക്കുക )

<u>ലക്ഷ്യങ്ങൾ</u>

1. ഭിന്നശേഷി കുട്ടികളെ നേർധാരയിൽ എത്തിക്കുക
2. എല്ലാ വിഭാഗം കുട്ടികളെയും പോലെ കൈത്താങ്ങ് നൽകി അവരെയും മാറ്റിയെടുക്കുക
3. അക്ഷരങ്ങളും വാക്കുകളും ഡിജിറ്റൽ ക്ലാസുകളിലൂടെ ഉറപ്പിക്കുക
4. ദൃശ്യഭാഷയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനത്തിൽ താൽപര്യം വളർത്തുക

പ്രവർത്തന ഘട്ടങ്ങൾ

1. റിസോഴ്സ് അധ്യാപികയുടെ സഹായത്തോടെ കുട്ടികളെ കണ്ടെത്തൽ
2. കണ്ടെത്തിയ കുട്ടികളെ കഴിവുകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കൽ
3. അക്ഷരപരിചയം വാക്യനിർമ്മാണം ബഹു വികല്പ ചോദ്യങ്ങൾ നൽകി ഉത്തരങ്ങൾ കണ്ടെത്തുക
4. ഡിജിറ്റൽ സാക്ഷരതാ ക്ലാസുകൾ -
5. ഓരോ മാസവും ക്ലാസ് ടെസ്റ്റുകൾ നടത്തി പഠന നിലവാരം കണ്ടെത്തൽ

## 2.അക്ഷര വെളിച്ചം

( ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ )

<u>ലക്ഷ്യങ്ങൾ</u>

1. മലയാളഭാഷ തെറ്റുകൂടാതെ എഴുതാനും വായിക്കാനും ഉള്ള ശേഷി നേടുക
2. മലയാളം ഭാഷ പഠനത്തിലെ ആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക
3. അക്ഷരങ്ങൾ തിരിച്ചറിയാനും അവ വാക്കുകളായി എഴുതാനും ഉള്ള ശേഷി വികസിപ്പിക്കുക
4. മലയാള ഭാഷയോടും സംസ്കാരത്തോടും താൽപര്യം വളർത്തുക

പ്രവർത്തന ഘട്ടങ്ങൾ

1. ക്ലാസ് അധ്യാപകരുടെ സഹായത്തോടെ കുട്ടികളെ കണ്ടെത്തുന്നു
2. പ്രീ ടെസ്റ്റ് നടത്തുന്നു
3. അക്ഷരം ഉറപ്പിക്കാനും ചിഹ്നം ഉറപ്പിക്കാനുംഉള്ള പ്രവർത്തനങ്ങൾ നൽകുന്നു
4. ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികളെ ഗ്രൂപ്പുകൾ ആക്കി മുന്നാക്കം നിൽക്കുന്ന കുട്ടികളെ ഏൽപ്പിക്കൽ
5. കഥാപുസ്തകം നൽകി വാക്ക് എഴുതൽ
6. കഥ പൂർത്തിയാക്കൽ
7. ചിത്രം നൽകി അടിക്കുറിപ്പ് എഴുതൽ
8. പ്രതിമാസ ടെസ്റ്റുകൾ നടത്തി കുട്ടികളുടെ പുരോഗതി വിലയിരുത്തൽ
9. കൂടുതൽ മെച്ചപ്പെടുത്തൽ

## 3.വായനക്കൂട്ടം

(വായന പ്രോത്സാഹിപ്പിക്കുക)

<u>ലക്ഷ്യങ്ങൾ</u>

1.പത്രവായനപ്രോത്സാഹിപ്പിക്കുക

2. ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ അവസരം ഒരുക്കുക

3. ക്ലാസ് ലൈബ്രറിയിലെയും സ്കൂൾ ലൈബ്രറിയിലെയും ആഴ്ചപ്പതിപ്പുകളും മാസികകളും വായിക്കാൻ പ്രോത്സാഹിപ്പിക്കുക

4. പുസ്തകങ്ങൾ തിരഞ്ഞെടുത്ത് ഓരോ കുട്ടിയും വായിച്ച് കുറിപ്പ് എഴുതുകയും വീഡിയോകൾ തയ്യാറാക്കുകയും ചെയ്യുക

5. റീഡേഴ്സ് ക്ലബ് രൂപീകരിക്കുക

6. പുസ്തക പ്രദർശനങ്ങൾ സംഘടിപ്പിക്കുക

7. പാഠപുസ്തക വായന പ്രോത്സാഹിപ്പിക്കുക

പ്രവർത്തന ഘട്ടങ്ങൾ

1. വായിക്കാൻ താല്പര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി റീഡേഴ്സ്ക്ലബ് രൂപീകരിക്കൽ

2. മറ്റു കുട്ടികളെ കൂടി വായനയിലേക്ക് നയിക്കാനുള്ള പരിപാടികൾ റീഡേഴ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്യുന്നു

3. ആഴ്ചകൾ തോറും പുസ്തകം പരിചയങ്ങൾ പത്രവായന മാസികകൾ പരിചയപ്പെടുത്തൽ എന്നീ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ

4. വായന അടിസ്ഥാനമാക്കിയുള്ള വായന ക്വിസ്സുകൾ , പത്ര വായന ക്വിസ്സുകൾ സംഘടിപ്പിക്കുക

5. ക്ലാസ് തല പത്രവായന നടത്തി മികച്ച വായനക്കാരെ കണ്ടെത്തൽ

6. സാഹിത്യകാരന്മാരു ടെ ജന്മദിനവുമായി ബന്ധപ്പെട്ട് അവരുടെ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ

# 4.എഴുത്തരങ്ങ്

(സർഗാത്മക കഴിവുകൾ വികസിപ്പിക്കുക)

<u>ലക്ഷ്യങ്ങൾ</u>

1. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
2. കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക
3. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക
4. സർഗാത്മക നാടക പ്രവർത്തനങ്ങൾ പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം നാടക ആവിഷ്കാരം എന്നിവ പ്രോത്സാഹിപ്പിക്കുക
5. മാസംതോറും കഥാരചന കവിതാരചന ഉപന്യാസരചന മത്സരങ്ങൾ നടത്തി കുട്ടികളിൽ രചന അഭിരുചികൾ വളർത്തിയെടുക്കുക

പൊതുലക്ഷ്യങ്ങൾ

1. എഴുതാൻ താല്പര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി ബഡ്ഡിംഗ് റൈറ്റേഴ്സ് കൂട്ടായ്മ രൂപീകരിക്കുന്നു
2. വായന വാരത്തോട് അനുവദിച്ച രചനാ മത്സരങ്ങൾ നടത്തി പ്രതിഭകളെ കണ്ടെത്തുന്നു
3. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് വായനയാണ് ലഹരി എന്ന വിഷയത്തിൽ ഉപന്യാസരചന സംഘടിപ്പിക്കൽ
4. മാസംതോറും ഉള്ള രചന മത്സരങ്ങളിലെ സൃഷ്ടികൾ ചേർത്ത് പതിപ്പുകൾ ഡിജിറ്റൽ മാഗസിൻ എന്നിവ തയ്യാറാക്കൽ
5. കുട്ടി എഴുത്തുകാരുടെ എഴുത്തുകൾ ചേർത്ത് സ്കൂൾ ലിറ്റിൽ നേതൃത്വത്തിൽ പുസ്തകം ആക്കൽ

# 5.രംഗവേദി

(പാഠഭാഗങ്ങളുടെ രംഗാവിഷ്കാരം)

ലക്ഷ്യങ്ങൾ

- കുട്ടികളിലെ അഭിനയ പ്രതിഭയെ കണ്ടെത്തൽ
- പാഠപുസ്തകങ്ങളിലെ വിവിധ വ്യവഹാര രൂപങ്ങളെ ദൃശ്യാവിഷ്കാരം നാടകം എന്നീ രൂപങ്ങളിൽ അസംബ്ലിയിൽ അവതരിപ്പിക്കൽ
- കുട്ടികളിൽ സാമൂഹിക മൂല്യങ്ങളും പൗരബോധവും വികസിപ്പിക്കാനുള്ള അവസരമായി രംഗവേദിയെ മാറ്റുക

പ്രവർത്തന ഘട്ടങ്ങൾ

1 ഓരോ ക്ലാസിലും പഠിക്കുന്ന പാഠപുസ്തക രചനകൾ കണ്ടെത്തി രംഗവേദിക്കായി തയ്യാറെടുക്കുന്നു
2. സുകൃതഹാരങ്ങൾ അമ്മ തുടങ്ങിയ ഒമ്പതാം ക്ലാസിലെ പാഠഭാഗങ്ങൾ ക്ലാസ് തല അവതരണം നടത്തി രംഗ വേദിയിലേക്ക് തിരഞ്ഞെടുക്കുന്നു
3. മറ്റു പാഠഭാഗങ്ങളും അതേ രീതിയിൽ തിരഞ്ഞെടുക്കുന്നു
4. എട്ടാം ക്ലാസിലെ പാഠഭാഗങ്ങളും സ്ക്രിപ്റ്റ് തയ്യാറാക്കി രംഗവേദി അവതരണത്തിനായി കണ്ടെത്തുന്നു

## 6.കലയരങ്ങ്

(വ്യത്യസ്ത കലകൾ പരിചയപ്പെടുന്നതിന്)

ലക്ഷ്യങ്ങൾ

- വ്യത്യസ്ത കലകൾ ആസ്വദിക്കുന്നതിനുള്ള ശേഷി നേടുക
- ക്ലാസിക്കലകൾ ആസ്വദിക്കാനുള്ള കഴിവ് നേടിയെടുക്കുക
- ഗോത്ര കലകൾ പഴയ കലാരൂപങ്ങൾ പുതു കലാരൂപങ്ങൾ പരിചയപ്പെടൽ
- സിനിമയും അതിന്റെ സാധ്യതകളും പരിചയപ്പെടുക

പ്രവർത്തന ഘട്ടങ്ങൾ

1 കലാപ്രദർശനങ്ങൾ സംഘടിപ്പിക്കുക

2. ഓരോ ആഴ്ചയും ഒരു കല പരിചയപ്പെടുത്തുന്നു

3. വിദഗ്ധ കലാകാരന്മാരുമായി അഭിമുഖം നടത്തൽ

4. കലകളിൽ പ്രാവീണ്യമുള്ള കുട്ടികളുടെ കലാവതരണങ്ങൾ

5. ഞാൻ കണ്ട കല വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കൽ

## 7.എന്റെ മലയാളം

( മാതൃഭാഷാ സ്നേഹം വളർത്തുക)

ലക്ഷ്യങ്ങൾ

- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് മലയാള ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തുക
- മാതൃഭാഷാ സ്നേഹം വളർത്തുക
- പാഠപുസ്തകങ്ങളിൽ നിന്നും പഠിച്ച മാതൃഭാഷാ പ്രാധാന്യം വ്യക്തമാക്കുന്ന കൃതികൾ വിവിധ വ്യവഹാരങ്ങളിൽ ആവിഷ്കരിക്കുക
- മാതൃഭാഷാ ദിനാചരണങ്ങളിൽ പ്രത്യേക പ്രവർത്തനങ്ങൾ നടപ്പാക്കുക

പ്രവർത്തന ഘട്ടങ്ങൾ

1. മാതൃഭാഷാ പ്രാധാന്യം വെളിവാക്കുന്ന കവിതകൾ കഥകൾ മറ്റു കൃതികൾ പരിചയപ്പെടുത്തൽ
2. മാതൃഭാഷ വിഷയം ആകുന്ന കാവ്യപാരായണ മത്സരങ്ങൾ
3. മൂല്യാധിഷ്ഠിതമായ കഥകളുടെ അവതരണം
4. സാഹിത്യ പ്രസ്ഥാനങ്ങൾ പരിചയപ്പെടൽ
5. അസംബ്ലിയിൽ സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ അവരുടെ കൃതികളുടെ അവതരണം
6. എന്റെ ഭാഷ എന്റെ മലയാളം മാസംതോറും പ്രത്യേക പ്രശ്നോത്തരി മത്സരങ്ങൾ
7. ഫെബ്രുവരി 21 നവംബർ 1 പ്രത്യേക പരിപാടികൾ

-

# ഇംഗ്ലീഷ്

## ആമുഖം

വിദ്യാലയത്തിന്റെ പഠനമികവ് ഉയർത്തുക എന്നലക്ഷ്യത്തോടെ യാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും, സ്വാതന്ത്ര്യവും, ശിശു സൗഹാർദ്ദപരവുമായ അന്തരീക്ഷവും ഒരുക്കണം. വ്യത്യസ്ത പഠന തന്ത്രങ്ങളും പഠന സാമഗ്രികളും പരിചയപ്പെടുത്തുവാനും അവസരമെ മെരുക്കുകളും ഇതിനായി സർഗാത്മകതയും പ്രതിബന്ധതയുമുള്ള അധ്യാപക സമൂഹം കൂടുതൽ സാധ്യതകൾ കണ്ടെത്തേണ്ടതും അനിവാര്യമാണ്. ഇംഗ്ലീഷ് ഭാഷയെ കുറിച്ചുള്ള അവബോധം ഉണർത്തുന്നതിനും ഭാഷാ നൈപുണ്യം ഉണർത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ഈ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

# ലക്ഷ്യങ്ങൾ

- * ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- * ഇംഗ്ലീഷിലുള്ള ആവിഷ് കാരങ്ങൾക്ക് അവസരമൊരുക്കുക
- * സ്വതന്ത്രവായനക്ക് സജ്ജരാക്കുക.
- - സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- . ക്ലാസ് തല വായന മൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജമാക്കുക.
- . മികച്ച വായനാശീലം വളർത്തുക.
- . **picture Reading, short**
- **story creation, English News paper Reading Competitions** എന്നിവയിലൂടെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള
- അവസരം ഒരുക്കുക.
- . കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ സംവദിക്കാനുള്ള അവസരം ഒരുക്കുക.
- . ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം ഒരുക്കുന്നതിലൂടെ കവിതാലാപനത്തിനും കവിതാ രചനക്കും പ്രാപ്തരാക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തന<br>ങ്ങൾ | കാലം | ചുമതല | സാമ്പത്തിക<br>വിശകലനം |
|---|---|---|---|---|
| **1.**ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക**.** | **Spoken English class**<br>**English library** നവീകരണം<br>**English corner story time**<br>**English assembly** | ക്ലാസ് പ്രവർത്തനങ്ങൾ**,**ശനിയാഴ്ച | **PTA,teachers** | **PTA** |
| **2.**ഇംഗ്ലീഷിലുള്ള ആവിഷ് കാരങ്ങൾക്ക് അവസരമൊരുക്കുക | **Cinema documentary profile** സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിനു വേണ്ടി പാഠഭാഗത്തിലെ തന്നെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു<br>റോൾപ്ലേ ഇംഗ്ലീഷ് ഡേ സെലിബ്രേഷൻ<br>പ്രശസ്തരായ ഇംഗ്ലീഷ് വേർഡ്സിന്റെ പോയം സെലക്ട് ചെയ്തു കൊറിയോ ഗ്രാഫി തയ്യാറാക്കി ക്ലബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാ രം നടത്തുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>**Academic Year** | **English teachers** | **PTA,English Club** |
| **3.**സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക**,** സ്വതന്ത്രമായ എഴുത്തിന് സജ്ജമാക്കുക**.** | **School English voice,** അക്ഷര കാർഡ്**, word card,**വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ<br>**Picture reading, short story creation, simple games, English newspaper reading, newspaper reading competitions, diary writing, reading Assembly news,** | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | **Teachers** | **English Club** |

| | | | | |
|---|---|---|---|---|
| | **vocabulary building.** | | **PTA ,Teachers** | |
| **4.Dramatization** | **English assembly, puppet show, English lab.**<br>പാഠഭാഗങ്ങളിൽനിന്ന് രംഗങ്ങൾ കണ്ടെത്തി **puppet show, skit,** കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനം, അസംബ്ലി. | **PTA SRG,Teachers**<br><br>**English club** | **PTA**<br>**TEACHERS**<br>**English Club** |
| **5.**കവിത ആലാപനത്തിനും( **poem recitation)** കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു. | **English audio** കേൾക്കാനുള്ള അവസരം.<br>കവിത രചന, ആലാപന മത്സരങ്ങൾ നടത്തുന്നു, ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു, **book reviews,**<br>രചനകളുടെ പ്രദർശനം. | ക്ലാസ് പ്രവർത്തനങ്ങൾ<br><br>വർഷത്തിൽ ഒരു പ്രാവശ്യം. | **Teachers**<br>**PTA**<br><br>**English teachers** | **English club**<br><br>**PTA** |
| **6.**സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക | **Watching movies with subtitles** | **Saturdays, vacation** | **Parents,PTA**<br>**Teachers** | **PTA**<br><br>**Parents** |
| **7.Organising discussion forums** | **Native speakers** മൊത്ത് സമയം ചെലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | **Once in academic year.** | **Teachers**<br>**PTA**<br>**SRG** | **PTA**<br><br>**English club** |

ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

1.സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി
ഭാഷ ഫലപ്രദമായ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക
2. ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കുക
3. ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷവും ആക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
4. ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക
5. ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക

# എട്ടാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| **1.**അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു ഉച്ചാരണം പരിചയപ്പെടുത്തുന്നു അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു | **1.** അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു<br><br>**2.** അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു<br>**3.** ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു | ഹ്രസ്വം<br>ജൂൺ<br>ജൂലൈ |
| **2.**ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | **4.** ക്ലാസിലെ ഓരോ വിദ്യാർത്ഥിയും ജനനത്തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു<br>**5.** വർക്ക്ഷീറ്റുകൾ നൽകുന്നു<br>**6.** ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | മധ്യകാലം<br>ഓഗസ്റ്റ് സെപ്റ്റംബർ |
| •ഹിന്ദി അനായാസം എഴുതുവാനും വായിക്കാനും പരിശീലിപ്പിക്കുന്നു വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു | **7.** കേട്ടെഴുത്ത്, പദസൂര്യൻ , പ്രശ്നോത്തരി, എന്നിവ നൽകുന്നു<br>**8.** ചിത്രകഥ , കാർട്ടൂൺ , ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു | ഡിസംബർ ജനുവരി |

## ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | ഹ്രസ്വം<br>ജൂൺ<br>ജൂലൈ |
| നാമം സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രവാക്യങ്ങൾ എഴുതുവാൻ അറിയുന്നു | ചാർട്ടുകൾ നൽകുന്നു. അതിൽനിന്നും സർവ്വനാമം വിശേഷണമെന്നിവ കണ്ടെത്തുവാൻ പറയുന്നു . കവിത കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചന ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു | മധ്യം<br>ഓഗസ്റ്റ് സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് തയ്യാറാക്കുവാൻ അറിയുന്നു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു വിവിധ വിഷയങ്ങൾ നൽകുന്നു ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു | **3.** ദീർഘം ഒക്ടോബർ ജനുവരി |

# പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുകഎന്നീ ലക്ഷ്യത്തോടെ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു<br><br>2.സാഹിത്യാഭി രുചിവളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു | •നാടകം വേദിയിൽ അവതരിപ്പിക്കുന്നു സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു<br><br>പദ്യം ചൊല്ലൽ കഥാകവിത പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | ഹ്രസ്വം<br><br>ജൂൺ ജൂലൈമധ്യം,<br><br>ഓഗസ്റ്റ് സെപ്റ്റംബർ |
| 2. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാൻ അറിയുന്നു. സ്വഭാവ സവിശേഷതക്കളിൽ കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു. ഡയറി എഴുതുവാൻ അറിയുന്നു | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു<br><br>3. കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു<br>4. എല്ലാദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു | ഒക്ടോബർ ദീർഘം നവംബർ ജനുവരി |

# അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായന*<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരൻ ആവുക | അറബിക് ലൈബ്രറി<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ, ചിത്രകഥകൾ........<br>വായന കോർണർ സ്ഥാപിക്കുന്നു | ആറുമാസം ജൂൺ - നവംബർ | സ്കൂൾ, ലൈബ്രറി, പുസ്തകങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ, സ്പോൺസർഷിപ്പ് |
| *എഴുത്ത്*<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കൈയെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങൾ കൊള്ളിച്ച് ക്ലാസ് കൈയെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും. കയ്യെഴുത്ത് മാഗസിനിൽ മികച്ച ആർട്ടിക്കിൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | നവംബർ - ഡിസംബർ | സ്പീക്കർ, ലാപ്ടോപ്പ് | അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| *അറിവിൻ തിളക്കം*<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ്<br>ഓരോ മാസവും നിശ്ചിത തീയതിയിൽ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽ നിന്ന് ശരിയുത്തരം കണ്ടെത്തി ഒരാൾക്ക് സമ്മാനം നൽകുന്നു. | സെപ്റ്റംബർ - നവംബർ | സ്റ്റേജ്, സൗണ്ട്, ബോക്സ് | സ്പോൺസർഷിപ്പ് |
| *പ്രതിഭകളെ കണ്ടെത്തൽ* | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു | ജൂൺ മുതൽ എല്ലാ മാസവും | പോസ്റ്ററുകൾ | അധ്യാപകർ, പൂർവ വിദ്യാർത്ഥികൾ, സ്പോൺസർഷിപ്പ് |
| *ദിനാചരണങ്ങൾ*<br>ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | ജൂലൈ - ഓഗസ്റ്റ് | സോഷ്യൽ മീഡിയ, കമ്പ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |
| *ആസ്വാദനം* | ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ | നവംബർ | ഇൻറർനെറ്റ് , കമ്പ്യൂട്ടർ, ടിവി, | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | സംഘടിപ്പിക്കുന്നു. | | പ്രൊജക്ടർ | |
| അറബിക് ലാംഗ്വേജ് ലാബ്* | അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | ജനുവരി | ഇൻററർനെറ്റ് , കമ്പ്യൂട്ടർ, ടിവി, പ്രൊജക്ടർ | അധ്യാപകർ |
| *അറബിക്ഫെസ്റ്റ്* അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ | | ഡിസംബ ർ | | ബിആർസി, ഡയറ്റ് , പൂർവ്വ വിദ്യാർത്ഥിക ൾ, സ്പോൺസ ർഷിപ്പ് |

## സോഷ്യൽ സയൻസ്

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോക ക്രമത്തിൽ ശാസ്ത്രീയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ അറിവുകളും ആശയങ്ങളും ഓരോ വ്യക്തിക്കും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വിവിധ വിഷയങ്ങൾ പഠിക്കുകയും പഠിച്ച വിഷയങ്ങൾ ജീവിതത്തിൽ പകർത്തുകയും അതുകൊണ്ട് ജീവിത സൗന്ദര്യം നേടുകയും ചെയ്യാനോ വെളിച്ചം നേടാനോ ആകണം. "വിദ്യാഭ്യാസത്തിന്റെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ ലക്ഷ്യങ്ങൾ കൈകാര്യം ചെയ്യുന്നതും വിദ്യാർത്ഥി പഠനത്തിന്റെ വിവിധ മേഖലകളിലൂടെ കടന്നുപോകുന്നതുമാണ്." പഠനത്തിന്റെ വിവിധ ഘടകങ്ങൾ കൈകാര്യം ചെയ്യുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന അദ്ധ്യാപകനും അവൻ പഠിച്ച് ഒരു വിജയത്തിനായിട്ടും വിദ്യാഭ്യാസത്തിനും ഒരു കർത്താവാകും അവരുടേതുമായ പങ്കാകും. ഉന്നത നിലവാരം നൽകുന്ന പഠനം ലോകത്തെ നയിക്കേണ്ടതും ആണ് കാഴ്ചപ്പാടോടെ വിദ്യാഭ്യാസത്തെയും പഠന പ്രവർത്തനത്തെയും കൂട്ടിച്ചേർക്കേണ്ടതും. "അത്തരം പ്രവർത്തനങ്ങൾ ലക്ഷ്യമാക്കിയാൽ മാറ്റങ്ങൾ ഉണ്ടാക്കുക" അതിന്റേതായ പങ്കുണ്ട്.

# ലക്ഷ്യം

1. പഠിതാക്കളെ ചരിത്രപബോധം ഉള്ളവരാക്കുക .ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക

2. ജനാധിപത്യ ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം,മൂല്യബോധം ഇവ വളർത്തുക

3. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം നടത്തുക

4. മതേതരത്വം ,സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക .സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക

5. ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥലം നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക

6. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക

7. വ്യത്യസ്തയിനം മണ്ണിനെക്കുറിച്ച് ജലാശയങ്ങളെ കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **1.** പഠിതാക്കളെ ചരിത്രപബോധം ഉള്ളവരാക്കുക •ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാടും മേടും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു വയൽക്കിളികൾ സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമി വർഷം മുഴുവനായി നടത്തുന്നു<br><br>നിശ്ചിത തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ സുമനസ്സുകൾ |
| **2.** ജനാധിപത്യ ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക പൗരബോധം**,**മൂല്യബോധം ഇവ വളർത്തുക | ഒന്നായി നമ്മൾ സ്കൂൾ പാർലമെന്റ്**,**മോക്ക് പാർലമെന്റ് പൗരബോധം സാമൂഹ്യ സേവനം ഇവയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | തെരഞ്ഞെടുത്ത തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ മാനേജ്മെന്റ് |
| **3.** സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം നടത്തുക | സ്റ്റാർട്ടപ്പ് സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു ആകാശക്കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| **4.** മതേതരത്വം **,**സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ സർവ്വേ പ്രൊജക്റ്റ് ചർച്ചകൾ സംവാദം ക്ലാസുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| വളരുക •സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക | | | | |
| **5.** ഭൂപട വായന കുട്ടികളിൽ വളർത്തുക• സ്ഥലം നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | പട്ടുപാതയിലൂടെ ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്ന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന അറ്റ്ലസ് മാപ്പുകൾ ഗ്ലോബ് എന്നിവ ചിത്രമാക്കുന്നു | വർഷം മുഴുവനും | സാമൂഹ്യശാ സ്ത്ര അധ്യാപക ർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| **6.** കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക | മൈ  സിനിമാറ്റും സാമൂഹ്യശാസ്ത്രപരമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുകയും സിനിമ ചരിത്ര സിനിമ പ്രദർശനം | അക്കാദമി വർഷം മുഴുവനായി നടത്തുന്നു | സാമൂഹ്യശാ സ്ത്ര അധ്യാപക ർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| **7.** വ്യത്യസ്തയിനം മണ്ണിനെക്കുറിച്ച് ജലാശയങ്ങളെ കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക | ചരിത്ര കൊട്ടാരം വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അപബോധം സൃഷ്ടിക്കുന്ന ചരിത്രലാളുടെ ക്രമീകരണം കണ്ണും കേട്ടും തൊട്ടറിഞ്ഞും പഠനംഹരമാക്കി  മാറ്റുന്നു | അക്കാദമി വർഷം മുഴുവനായി നടത്തുന്നു | സാമൂഹ്യശാ സ്ത്ര അധ്യാപക ർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

# ശാസ്ത്രം

## ആമുഖം

പഠനം എന്നത് കുട്ടികളിൽ സ്വാഭാവികമായും, നിരന്തരായും നടക്കുന്ന ഒരു പ്രക്രിയമാണ്. പഠന വിടവുകളില്ലാതെ നേരനുഭവ സാധ്യതയൊരുക്കി, നൂതന ആശയങ്ങൾ പരിപോഷിപ്പിച്ച് വിമർശനാത്മക ചിന്തയ്ക്കും വിശകലനാത്മകചിന്തയ്ക്കും സാധ്യത നൽകി, സർഗാത്മകത ഉളവാക്കി, ഉയർന്ന ചിന്താപ്രക്രിയ ആവശ്യമായ സന്ദർഭങ്ങൾ കണ്ടെത്തി, ഇവ പ്രദാനം ചെയ്യുന്ന പ്രവർത്തനാധിഷ്ഠിത പ്രക്രിയകൾ ആസൂത്രണം ചെയ്ത് തൊഴിൽ ഉദ്ഗ്രഥിത സാധ്യതകളെ പരിപോഷിപ്പിക്കുന്നതാവണം ശാസ്ത്രപഠനം. ക്ലാസ് മുറിയിൽ അനുഭവപെടുന്ന അക്കാദമിക് പ്രശ്നങ്ങൾക്ക് ഓരോ കുട്ടിയുടേയും സാമൂഹിക വൈകാരിക മേഖലയെ സമഗ്രമായി വിലയിരുത്തി പരിഹാര പ്രക്രിയകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാകണം അക്കാദമിക മാസ്റ്റർ പ്ലാൻ.

മനുഷ്യൻ ഇന്ന് വരെ നേടിയ അനുഭവങ്ങളുടെ ആകെ തുകയാണ് ശാസ്ത്രം. ശാസ്ത്രപഠനത്തിലൂടെ സമൂഹത്തിലെ അന്ധവിശ്വാസങ്ങളും, അബദ്ധ ധാരണകളും ഇല്ലാതാകുന്നു. സമൂഹം ചൂഷണത്തിനും തട്ടിപ്പിനും ഇരയായുന്നില്ല. ആയ തിനാൽ ശാസ്ത്രം ശക്തമായ ഒരു രക്ഷാകവചം കൂടിയാണ്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രയോഗിക്കപ്പെടേണ്ട ഒന്നാണ് ശാസ്ത്രത്തിന്റെ രീതി. അതിനാൽ ശാസ്ത്രപഠനത്തിന് വിശാലമായ ലക്ഷ്യങ്ങൾ ആണുള്ളത്. അതിനനുസരിച്ച് പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യേണ്ടതുണ്ട്.

# ശാസ്ത്ര പഠനത്തിൻറെ ലക്ഷ്യങ്ങൾ

* കൗതുകം നിരീക്ഷണപാടവം എന്നിവ വളർത്തുക പരിപോഷിപ്പിക്കുക
* ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുക, മെച്ചപ്പെടുത്തലിനു വേണ്ടി പരിശ്രമിക്കുക
* ശാസ്ത്രത്തിൻറെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക.

നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക

* പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാക്കുക * ശാസ്ത്ര വീക്ഷണം രൂപപ്പെടുക, പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക

ശാസ്ത്രത്തിൻറെ ദുരുപയോഗം തടയുക

* പ്രകൃതിയിലുള്ള മനുഷ്യൻറെ ഇടപെടലുകൾ വിവേകപൂർവ്വം ആകുക,പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക
* സ്വായത്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായി ഉപയോഗിക്കുക
* * സുസ്ഥിര വികസനം എന്ന ആശയം പ്രചരിപ്പിക്കുകയും ദൈനം ദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക

## ഭൗതിക ശാസ്ത്രം

## ലക്ഷ്യം

**1.**ശാസ്ത്രം കലയുമായി ബന്ധപ്പെട്ടിരിക്കുന്ന വിധം കുട്ടികൾക്ക് മനസ്സിലാക്കുക

**2.**ഗണിതപ്രശ്ന നിർധാരണ ശേഷി കൈവരിക്കൽ

**3.**ശാസ്ത്ര പഠനം താല്പര്യപൂർവ്വമാക്കാനും തൊഴിൽ നൈപുണി നേടാനും പ്രാപ്തരാക്കുക

**4.**മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന അളവുകളുടെ യൂണിറ്റുകൾക്ക് പിൽക്കാലങ്ങളിൽ വന്ന മാറ്റം **-** ശാസ്ത്ര പുരോഗതി വ്യക്തമാക്കുന്നതിന്

**5 .**ആകാശ വിസ്മയങ്ങളും പ്രപഞ്ചസത്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് ശാസ്ത്രീയ രീതിയിലുള്ള കുട്ടികളുടെ വികാസം

**6.**ശാസ്ത്രമേള**,** ഇൻസ്പെയർ അവാർഡ്**,** വൈ ഐ പി തുടങ്ങിയവയിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കൽ

**7.**പഠനോപകരണങ്ങളുടെയും പരീക്ഷണ സാമഗ്രികളുടെയും തയ്യാറാക്കൽ

**8.**കുട്ടികളിൽ ഗവേഷണ താൽപര്യം വളർത്തുക

**9.** ഭിന്നശേഷി കുട്ടികൾക്കായുള്ള പ്രത്യേക പ്രവർത്തനങ്ങൾ

**10.**ഐ ടി അധിഷ്ഠിത പഠനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കൽ

**11.**ശാസ്ത്ര പുസ്തകങ്ങൾ പരിചയപ്പെടുത്തുകയും അതുവഴി പ്രശസ്ത ശാസ്ത്രജ്ഞന്മാരെ അറിയുകയും ചെയ്യുക

| ക്രമ. നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| **1** | ശാസ്ത്രം കലയുമായി ബന്ധപ്പെട്ടിരിക്കുന്ന വിധം കുട്ടികൾക്ക് മനസ്സിലാക്കുക | ശബ്ദ തരംഗങ്ങൾ എന്ന യൂണിറ്റിലെ വാദ്യോപകരണങ്ങൾ പരിചയപ്പെടുത്തുകയും വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്ന കുട്ടികളെയും രക്ഷിതാക്കളെയും കണ്ടെത്തി മറ്റുള്ളവർക്ക് പ്രവർത്തനം വിശദീകരിക്കുന്നു | ജൂൺ | ശാസ്ത്രഅധ്യാപകർ | **1500** |
| **2** | ഗണിതപ്രശ്ന നിർധാരണ ശേഷി കൈവരിക്കൽ | ഗുണനപ്പട്ടിക ഹൃദിസ്ഥമാക്കൽ, ഹരണ ഗുണന ക്രിയ പരിശീലനം | ജൂൺ | വിദ്യാർത്ഥികൾ പിയർ ഗ്രൂപ്പ് | |
| **3** | **3.**ശാസ്ത്ര പഠനം താല്പര്യപൂർവ്വമാക്കാനും തൊഴിൽ നൈപുണി നേടാനും പ്രാപ്തരാക്കുക | സിമ്പിൾ പെൻഡുലം, റെസണൻസ് ബാർ ടെലസ്കോപ്പ് തുടങ്ങിയവയുടെ നിർമ്മാണം | ജൂലൈ -ഓഗസ്റ്റ് | സയൻസ് ക്ലബ്ബ് | **2000** |
| **4** | മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന അളവുകളുടെ യൂണിറ്റുകൾക്ക് പിൽക്കാലങ്ങളിൽ വന്ന മാറ്റം - ശാസ്ത്ര പുരോഗതി വ്യക്തമാക്കുന്നതിന് | അവരവരുടെ പ്രദേശങ്ങളിലെ മുതിർന്നവരുമായി സംസാരിച്ച് വിവരശേഖരണത്തിലൂടെ വിവിധ യൂണിറ്റുകൾ വന്ന വഴി സെമിനാർ സംഘടിപ്പിക്കുന്നു | ഓഗസ്റ്റ് | സയൻസ് ക്ലബ്ബ് | |
| | ആകാശ വിസ്മയങ്ങളും പ്രപഞ്ചസത്യങ്ങളും | വാനനിരീക്ഷണ ക്ലാസുകൾ സംഘടിപ്പിക്കുക, ജ്യോതിശാസ്ത്ര | ഒക്ടോബർ മുതൽ | ശാസ്ത്ര അധ്യാപ | **3500** |

| | | | | | |
|---|---|---|---|---|---|
| | ഉൾക്കൊണ്ടുകൊണ്ട് ശാസ്ത്രീയ രീതിയിലുള്ള കുട്ടികളുടെ വികാസം | സമസ്യകൾക്ക് ഉത്തരം ലഭിക്കുന്ന തരം വീഡിയോ പ്രദർശനം | നവംബർ വരെ | കർ പിടിഎ | |
| **6** | ശാസ്ത്രമേള, ഇൻസ്പെയർ അവാർഡ്, വൈ ഐ പി തുടങ്ങിയവയിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കൽ | ഇത്തരം പദ്ധതികളുടെ അനന്തസാധ്യതകൾ കുട്ടികൾക്ക് ബോധ്യപ്പെടുത്തുന്ന തരം മോട്ടിവേഷണൽ ക്ലാസ് | ജൂൺ മുതൽ സെപ്റ്റംബർ വരെ | ശാസ്ത്ര അധ്യാപകർ വിഷയവിദഗ്ധർ | **1500** |
| **7** | പഠനോപകരണങ്ങളുടെയും പരീക്ഷണ സാമഗ്രികളുടെയും തയ്യാറാക്കൽ | സ്വന്തമായി ശേഖരിക്കേണ്ടവ , വാങ്ങേണ്ടത്, നിർമ്മിക്കേണ്ടത് , ക്ലാസ്സിൽ സൂക്ഷിക്കേണ്ടത് , ലാബിൽ സൂക്ഷിക്കേണ്ടത് എന്നിങ്ങനെ തരംതിരിക്കുന്നു ലാബിലേക്ക് വാങ്ങേണ്ട സാമഗ്രികൾ വാങ്ങുന്നു | ജൂൺ | ശാസ്ത്ര അധ്യാപകർ | **10000** |
| **8** | കുട്ടികളിൽ ഗവേഷണ താൽപര്യം വളർത്തുക | കുട്ടികളെ ഗ്രൂപ്പുകളാക്കി ഗവേഷണ പ്രോജക്ടുകൾ നൽകുകയും (പാഠഭാഗവുമായി ബന്ധപ്പെട്ടവ ) വർഷാവസാനം റിപ്പോർട്ട് സമർപ്പണവും കണ്ടെത്തലുകളുടെ പങ്കുവെക്കലും നടത്തുന്നു. നല്ല പ്രോജക്ടിന് സമ്മാനവും നൽകുന്നു | വർഷം മുഴുവൻ | ശാസ്ത്ര അധ്യാപകർ | **2000** |
| **9** | ഭിന്നശേഷി കുട്ടികൾക്കായുള്ള പ്രത്യേക പ്രവർത്തനങ്ങൾ | കൗതുകം ജനിപ്പിക്കുന്ന ശാസ്ത്ര പരീക്ഷണങ്ങൾ, ഐസിടി ഉപയോഗിച്ച് കാണിക്കാൻ കഴിയുന്ന വീഡിയോകൾ മറ്റു കാർട്ടൂണുകൾ | എല്ലാമാസവും നിശ്ചിത ദിവസങ്ങളിൽ | ശാസ്ത്ര അധ്യാപകർ റിസോഴ്സ് അധ്യാപകർ | **2000** |

| | | | | | |
|---|---|---|---|---|---|
| **10** | ഐ ടി അധിഷ്ഠിത പഠനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കൽ | ഫിസിക്സുമായി ബന്ധപ്പെട്ട ഐടി വിഭവ ശേഖരണം ക്ലാസ് മുറിയിൽ നിർവഹിക്കാൻ ബുദ്ധിമുട്ടുള്ള പരീക്ഷണങ്ങളുടെ വീഡിയോ സമാഹരണം | വർഷം മുഴുവനും | ശാസ്ത്ര അധ്യാപകർ | **1000** |
| **11** | ശാസ്ത്ര പുസ്തകങ്ങൾ പരിചയപ്പെടുത്തുകയും അതുവഴി പ്രശസ്ത ശാസ്ത്രജ്ഞന്മാരെ അറിയുകയും ചെയ്യുക | ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനത്തിൽ ഫിസിക്സുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ ഉൾപ്പെടുന്നതും പ്രശസ്തരായ ഭൗതികശാസ്ത്രജ്ഞന്മാരുടെ ചരിത്രമുള്ളതുമായ പുസ്തകങ്ങൾ കൂടി ഉൾപ്പെടുത്തുന്നു | വർഷം മുഴുവനും | ശാസ്ത്ര അധ്യാപകർ ലൈബ്രേറിയൻ | **2000** |

## രസതന്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| **1.**കൗതുകം**,** ജിജ്ഞാസ**,** നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു**.** മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു**.** പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം**.** ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു**.** | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | **PTA** |
| **2.**ഹൈഡ്രോകാർബണുകൾ**,** ഫങ്ഷണൽ ഗ്രൂപ്പുള്ള ഓർഗാനിക് സംയുക്തങ്ങൾ ഇവയുടെ നാമകരണരീതി**,** ഐസോമെറിസം**,** നാമകരണം മനസ്സിലാക്കി പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ കഴിയുക **(**പത്താം തരം**)** | **2.**നാമകരണ രീതി**,** ഫങ്ഷണൽ ഗ്രൂപ്പുള്ള ഓർഗാനിക് സംയുക്തങ്ങളുടെ നാമകരണ രീതി**,** ഐസോമെറിസം**,** നാമകരണം ഇവ മനസ്സിലാക്കി മോഡൽ നിർമ്മാണ പഠന പ്രവർത്തനം ശാസ്ത്രീയമായി നടത്തുന്നു**.** | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | **PTA** |

| | | | | |
|---|---|---|---|---|
| **3.** ആറ്റത്തിലെ മൗലികകണം. അടിസ്ഥാന കണങ്ങൾ, അവയുടെ വിന്യാസം, ആശയ ധാരണ കൈവരിക്കുക (ഒൻപതാം തരം) | ഡിസ്ചാർജ് ട്യൂബ് പരീക്ഷണം, പവർ പോയിന്റ് അവതരണം, സയൻസ് ലാബ് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | **PTA** |
| **4** ക്ലാസ് തല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു ശാസ്ത്ര കുറിപ്പ് തയ്യാറാക്കി ആശയ ധാരണ ഉറപ്പാക്കുക (എട്ട്, ഒൻപത്, പത്ത് ) | സഹപാഠി കൂടായ്മയിലൂടെ ലോക്കൽ ടെസ്റ്റ് തയ്യാറാക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | **PTA** |
| **5** അറിവിന്റെ ലോകത്തിൽ ശാസ്ത്രജ്ഞരുടെ സംഭാവനകൾ മനസ്സിലാക്കി - വായന, കണ്ണിലൂടെ, കാതിലൂടെ വിരലുകളിലൂടെ പ്രായോഗിക സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുക | **a)** ശാസ്ത്രജ്ഞരുടെ ജീവിത അനുഭവങ്ങൾ<br>**b)** അവർ ഉയർത്തിയ മാനവിക മൂല്യങ്ങൾ<br>**c)** അവരുടെ ശാസ്ത്രീയ മനോഭാവങ്ങൾ<br>വായന, മോട്ടിവേഷൻ ക്ലാസുകൾ, വിവര സാങ്കേതിക സംവിധാനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി സെമിനാർ | അക്കാദമിക വർഷം | അധ്യാപകർ | **PTA** |
| **6.** ഹൈടെക് വേൾഡ് - മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി ,ശാസ്ത്ര മാസിക പ്രസിദ്ധീകരണം, **Science lab, IT lab** എന്നിവ ആധുനികവൽക്കരിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | **PTA** |
| **7.** അന്വേഷക തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | സമ്പൂർണ്ണ പ്ലാസ്റ്റിക് നി രോധിത കാമ്പസ് , പുതു പുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ് . സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു.<br>ശാസ്ത്ര കാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് | **PTA** |

# ജീവശാസ്ത്രം

| ക്രമ. നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| **1** | കൗതുകം,ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.<br><br>- പരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു.<br><br>* എൻറെ 'പരീക്ഷണ പുസ്തകം തയ്യാറാക്കുന്നു.<br><br>* പരീക്ഷണോത്സവം സംഘടിപ്പിക്കുന്നു<br><br>* ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് പൊതുവേദിയിൽ അവരി-പ്പിക്കുന്നു. | ജൂൺ-ജനുവരി<br>ജൂൺ-ജനുവരി<br><br>ഓഗസ്റ്റ്<br>ജൂൺ-ജനുവരി | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് | **PTA** |
| **2** | ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ | * പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, അനിമേഷൻ എന്നിവ ശേഖരിച്ച് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങൾ ഉപയോഗിച്ച് പാഠം അവതരിപ്പിക്കുവാനും ആശയ വിനിമ യത്തിനുമായി ഉപയോഗിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് | |
| **3** | ശാസ്ത്രത്തിൻറെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്ക | സയൻസ് ക്ലബ് രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും<br><br>* സയൻസ് ബുള്ളറ്റിൻ ബോർഡിൻറെ കാര്യക്ഷമമായ ഉപയോഗം. | ഓഗസ്റ്റ്<br>ജൂൺ-ജനുവരി | സയൻസ് അധ്യാപകർ, സയൻ | |

| | | | | | |
|---|---|---|---|---|---|
| | ല്യം. | | | സ്<br>ക്ലബ്ബ് | |
| **4** | സ്കൂൾ ശാസ്ത്ര ലാബിന്റെ നവീകരണം | * വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ മോഡലുകൾ, പ്രവർത്തന മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ.<br><br>* ഇരിപ്പിടം, വെള്ളം, വെളിച്ചം, സുരക്ഷാ സംവിധാനങ്ങൾ എന്നിവ സജ്ജമാക്കൽ. | ജൂൺ -ഫെബ്രുവരി<br>ജൂൺ-ഫെബ്രുവരി | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് | |
| **5** | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര തൽപരത ഉണർത്താനും | * ശാസ്ത്ര ദിനാചരണങ്ങൾ മുൻകൂട്ടിയുള്ള ആസൂത്രണത്തോടെ ചെയ്യുക.<br><br>* ശാസ്ത്ര പതിപ്പുകൾ, കൊളാഷ്, ചാർട്ടുകൾ എന്നിവ തയ്യാറാക്കൽ.<br><br>* ശാസ്ത്ര ദിനങ്ങളോടനുബന്ധിച്ച് ക്വിസ് സംഘടിപ്പിക്കൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് | |
| **6** | എല്ലാ കുട്ടികളിലും ശാസ്ത്ര പഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക. | * പ്രീ ടെസ്റ്റ് ചോദ്യനിർമ്മാണം, ടെസ്റ്റ്, മൂല്യ നിർണയം.<br>* പരിഹാരബോധനത്തിനായി പഠനഗ്രൂപ്പിംഗ്, ബോധസാമഗ്രികൾ തയ്യാറാക്കാൻ, ആസൂത്രണം.<br>* പഠന പിന്നോക്കാവസ്ഥയിലുള്ളവർക്ക് പ്രത്യേക ശ്രദ്ധ, എക്സ്ട്രാ ക്ലാസുകൾ . | ജൂൺ -മാർച്ച് | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് | |
| **7** | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | * സമ്പൂർണ പ്ലാസ്റ്റിക്ക് നിരോധന ക്യാമ്പസ്.<br>* തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ<br>* ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും  പച്ചക്കറി | അക്കാദമിക | സയൻസ് അധ്യാ | |

| | | | | | |
|---|---|---|---|---|---|
| | | തോട്ടവും നിർമ്മിക്കലും അവയുടെ പരിപാലനവും | വർഷം | പകർ, സയൻസ് ക്ലബ്ബ് | |
| **8** | നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | * ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>* ശാസ്ത്ര ശിൽപശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം നവംബർ | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് | |
| **9** | അന്വേഷണ ത്യഷ്ണ വർദ്ധിപ്പിക്കൽ നേർന്നു നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടത്തലുകളും പരിചയപ്പെടുത്തുന്നു.<br>* സംസ്ഥാന തലത്തിലുള്ള ക്വിസ്, സെമിനാർ, പൊജക്ട് മുതലായവയിൽ പങ്കെടുക്കുന്നു.<br>* ശാസ്ത്രകാരന്മാരുമായി സംവദിക്കൽ . | ജൂൺ-മാർച്ച്<br><br>സെപ്റ്റംബർ<br><br>സെപ്റ്റംബർ | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് | |
| **10** | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ടായി മാറ്റൽ. | * പ്രതിഭകൾക്ക് പ്രത്യേക പരിശീലനം<br>* **NMMS, USS** പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം. | സെപ്റ്റംബർ - ഫെബ്രുവരി<br><br>ഡിസം | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| | | | ബർ | | |
| **11** | പ്രയാസമേറിയ ശാസ്ത്ര പാഠഭാഗങ്ങൾ മനസ്സിലാക്കുന്ന തരത്തിലുള്ള വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ. | * സ്വയം ചെയ്യൽ,ഗ്രൂപ്പിൽ ചെയ്യൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് | |
| **12** | ആരോഗ്യം, പോഷണം, ശുദ്ധജലം ശുചിത്വം തുടങ്ങിയവയുടെ പ്രാധാന്യം തിരിച്ചറിയൽ | പകർച്ചവ്യാധികൾക്കായുള്ള ബോധവത്കരണ പ്രവർത്തനം, രക്തദാന ബോധവൽക്കരണ റാലി,യോഗദിനാചരണം, ക്ലാസ് റൂം ക്ലീൻ ക്യാമ്പയിൻ,അന്താരാഷ്ട്രഹെൽത്ത്ദിവസങ്ങൾ ആചരിക്കൽ . | ജൂൺ-മാർച്ച് | സയൻസ് അധ്യാപകർ, സയൻസ് ക്ലബ്ബ് | |

# ഗണിതം

## ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോക ക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആദ്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനത് മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്.

ഗണിതശാസ്ത്ര പഠനത്തിലൂടെ കുട്ടികളെ പ്രശ്നപരിഹാര നൈപുണികൾ വളർത്തിയെടുക്കേണ്ടത് വളരെ അത്യാവശ്യമാണ്. ആയതിനാൽ ഒരു അധ്യായന വർഷത്തിൽ ഗണിതത്തിൽ നാം എന്തൊക്കെ കുട്ടികൾക്കായി ചെയ്യണം എന്ന് ഒരു രൂപരേഖ തയ്യാറാക്കേണ്ടത് വളരെ അത്യാവശ്യമാണ്. കൃത്യമായ രൂപരേഖയിലൂടെ കുട്ടികളിൽ ഗണിതത്തിൽ താല്പര്യമുണ്ടാക്കാനും അവൻ നിത്യ ജീവിതത്തിലെ പ്രയോജനപ്പെടുത്താനും കഴിയും. അതിനായാണ് **2025-26** അധ്യായന വർഷത്തിൽ ഈ മാസ്റ്റർ പ്ലാൻ നിർമ്മിച്ചിരിക്കുന്നത്.

# ലക്ഷ്യങ്ങൾ

- * ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- * വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- * വിദ്യാർഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തി പരിചയം പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- * വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങൾ ആയ ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.
- * വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- * പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

| ക്രമ. നം | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കൽ. | ഗണിതം മധുരം, പരിഹാര ബോധനം, ലാബ് പ്രവർത്തനങ്ങൾ. | ദീർഘകാലം | ഗണിത അധ്യാപകൻ | പി ടി എ |
| 2 | ആശയധാരണകൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ. | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോട്ടു നിൽക്കുന്ന കുട്ടികൾ | അധ്യാപകർ |
| 3 | നിർമ്മിതികളുടെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | ഗണിത അധ്യാപകൻ | ഗണിത അധ്യാപകൻ |
| 4 | 4. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടുത്തൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിത അധ്യാപകർ, പിടിഎ | ഗണിതാ അധ്യാപകർ, ഗണിത ക്ലബ്ബ് |
| 5 | ഗണിതാഭി രുചി വർദ്ധിപ്പിക്കൽ | ഗണിത ക്വിസ്, ജോമടിക് ചാർട്ട്, ഗണിത പൂക്കളം, ഗണിത ചാർട്ട്, പതിപ്പുകൾ, ഗണിതം പ്രകൃതിയിൽ, സെമിനാർ, ഗണിത പാട്ടുകൾ, ഗണിതം നിത്യ ജീവിതത്തിൽ, കുസൃതി കണക്കുകൾ ശേഖരണം, ഗണിത മാഗസിൻ, ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം, ഗണിത ക്ലബ് പ്രവർത്തനങ്ങൾ, ഗണിത ലൈബ്രറി, ക്ലാസ് മുറികളുടെ ചുമർ | മധ്യകാലം | ഗണിത അധ്യാപകൻ | പി ടി എ അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | ഗണിത ആശയങ്ങളാൽ അലങ്കരിക്കൽ, ഗണിത ശില്പശാല, ഗണിത മേള, ഗണിത പ്രദർശനം. | | | |
| 6 | ഐസിടി സാധ്യതയിലൂടെയുള്ള ഗണിത പഠനം. | സമഗ്ര റിസോഴ്സ്, ജിയോജിബ്ര, മാത്സ് പാഡ് തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ച് ഗണിത പഠനം. | ദീർഘകാലം | അധ്യാപകർ | അധ്യാപകർ |
| 7 | അധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാടാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷ തുടർ പ്രവർത്തനം. | ഗണിത അധ്യാപകർ | |
| 8 | ഗണിത മത്സര വേദിയിലേക്ക്, മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ. | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിലൊന്ന് | ഗണിതാ അധ്യാപകർ | ഗണിത അധ്യാപകർ, പിടിഎ,എച്ച് എം. |
| 9 | ചതുഷ്ക്രിയ ഉറപ്പിക്കൽ | ഗണിത കളികളിലൂടെയും മത്സരപരീക്ഷ ഗണിത വർക്ക് ഷീറ്റ് | ഹ്രസ്വകാലം | ഗണിതാ അധ്യാപകർ | |
| 10 | ബീജഗണിതം ആസ്വാദ്യമാക്കൽ. | പ്രായോഗിക പ്രശ്നങ്ങൾ ബീജഗണിത ഉപയോഗിച്ച് വിശദീകരിക്കുന്നു. വേദഗണിതം, ലീലാവതി തുടങ്ങിയ ബുക്കുകൾ പരിചയപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്യുന്നു. | ഹ്രസ്വകാലം | ഗണിത അധ്യാപകർ | പിടിഎ |
| 11 | പ്രശ്നനിർധാരണം | സമാനമായ പ്രശ്നങ്ങൾ വിവിധ | തുടർ | ഗണിത | |

| | | | | | |
|---|---|---|---|---|---|
| | സാധ്യമാക്കൽ | നിലവാരത്തിൽ ഉള്ളത് പരിശീലിപ്പിക്കുന്നു | പ്രവർത്തനം | അധ്യാപകർ | |
| **12** | ക്രിയാത്മകത, കൃത്യത, സൂക്ഷ്മത, ഉപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള കഴിവ് വികസിപ്പിക്കൽ. | ഗണിത ലാബ്, ഗണിത വർക്ക് ഷോപ്പ് ജാമിതീയ പാറ്റേണുകൾ നിർമ്മിക്കുക, പതിപ്പ് തയ്യാറാക്കൽ ജിയോജിബ്ര പരിശീലനം. | ദീർഘകാലം | അധ്യാപകർ | |
| **13** | പരീക്ഷാ പരിശീലനം | ചോദ്യപേപ്പർ നിർമ്മാണം, ഓപ്പൺ ബുക്ക് ടെസ്റ്റ് പേപ്പർ, സ്വയം വിലയിരുത്തൽ. | വർഷത്തിൽ മൂന്ന് തവണ | ഗണിത അധ്യാപകൻ | ഗണിത അധ്യാപകൻ, എച്ച് എം,പി ടി എ |
| **14** | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ യോഗം വിളിക്കുന്നു, ചുമതലകൾ നൽകുന്നു. | മാസത്തിൽ ഒന്ന് | അധ്യാപകർ | അധ്യാപകർ,എച്ച് എം,പി ടി എ |

| | | |
|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസം | | |
| | പ്രവർത്തനം 1 | സമ്പൂർണ്ണ കായിക ക്ഷമത |
| | ലക്ഷ്യങ്ങൾ | • എല്ലാ കുട്ടികളുടെയും കായിക ക്ഷമത ഉറപ്പാക്കുക<br>• കായിക ക്ഷമതയിലൂടെ ശാരീരിക വളർച്ചയും മാനസിക വികാസവും നേടുക |

| പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘടനാ ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| സമ്പൂർണ്ണ കായിക ക്ഷമത | ✔ കായിക ക്ഷമതയെ സംബന്ധിച്ചും ക്ഷമത കൈവരിക്കുന്നതിനുള്ള വിവിധ വ്യായാമങ്ങൾ പരിചയപ്പെടുന്നു<br>✔ B M I കണക്കാക്കുന്നു<br>✔ വ്യായാമങ്ങൾ പരിചയപ്പെടൽ<br>✔ ഏറോബിക്സ്<br>✔ യോഗ<br>✔ സുംബ<br>✔ കണ്ടീഷനിംഗ്<br>✔ പോസ്റ്റ് ടെസ്റ്റ്<br>✔ അനുഭവക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ നവംബർ വരെ | വെയ് മെഷീൻ<br>സ്റ്റോപ്പ് വാച്ച്<br>യോഗ മാറ്റ്<br>സ്പീക്കർ | ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ | S R G | 2000 |

| പ്രവർത്തനം 2 | മേജർ ഗെയിംസ് പരിശീലനം |
|---|---|
| ലക്ഷ്യങ്ങൾ | • മേജർ ഗെയിംസിനെ കുറിച്ച് കൂടുതൽ ധാരണ കൈവരിക്കൽ<br>• സബ്ജില്ലാ ,ജില്ല, സംസ്ഥാന മത്സരങ്ങളിൽ മികച്ച പ്രകടനം നടത്താൻ പ്രാപ്തരാക്കുക |

| പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘടനാ ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| മേജർ ഗെയിംസ് പരിശീലനം | ✔ ഹാൻഡ് ബോൾ<br>✔ ഖോ ഖോ<br>✔ അത്‌ലറ്റിക് | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹാൻഡ് ബോൾ<br>ഖോ ഖോ പോസ്റ്റ്<br>ഷോട്ട്പുട്ട്<br>ജാവലിൻ | ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ | SRG | 4000 |

| പ്രവർത്തനം 3 | • സ്കൂൾ കായികമേള സംഘടിപ്പിക്കൽ |
|---|---|
| ലക്ഷ്യങ്ങൾ | • സബ്ജില്ലാ ജില്ലാ മത്സരങ്ങൾക്ക് വേണ്ടി കുട്ടികളെ കണ്ടെത്തൽ<br>• മത്സരപരിചയം ആനന്ദം എന്നിവ ഉറപ്പാക്കൽ |

| പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘടനാ ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| സ്കൂൾ കായികമേള സംഘടിപ്പിക്കൽ | ✔ കുട്ടികളെ 3 ഹൗസുകൾ ആക്കി തിരിക്കുന്നു ഓരോ ഹൗസിൽ നിന്നും മത്സരത്തിനുള്ള എൻട്രി സ്വീകരിക്കുന്നു അത്ലറ്റിക് മത്സരങ്ങൾ സംഘടിപ്പിക്കുന്നു | ഓഗസ്റ്റ് മാസ | ഷോട്ട്പുട്ട്, ജാവലിൻ, ഡിസ്കസ്, പൗഡർ | ഫിസിക്കൽ എജ്യൂക്കേഷൻ ടീച്ചർ അധ്യാപകർ | SRG<br>PTA<br>MPTA | 10000 |

| | |
|---|---|
| പ്രവർത്തനം 4 | പാഠപുസ്തകവുമായി ബന്ധപ്പെട്ട ക്ലാസ്സ് റൂം പഠനവും പ്രാക്ടിക്കലും |
| ലക്ഷ്യങ്ങൾ | • വൈജ്ഞാനിക മേഖലയെ കുറിച്ച് ധാരണ കൈവരിക്കൽ<br>• ആരോഗ്യം ,ആഹാര ശീലങ്ങൾ ,ആനന്ദം ,കരുതൽ ,കായികക്ഷമത എന്നിവയെക്കുറിച്ച് മനസ്സിലാക്കൽ |

| പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘടനാചുമതല | പിന്തുണ | സാമ്പത്തികം മെഷീൻ |
|---|---|---|---|---|---|---|
| പാഠപുസ്തകവുമായി ബന്ധപ്പെട്ട ക്ലാസ് റൂം പഠനവും പ്രാക്ടിക്കലും | ✔ ക്ലാസ് റൂം ടീച്ചിംഗ് പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രാക്ടിക്കൽ ക്ലാസുകൾ ഗ്രൗണ്ടിൽ നടത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചിംഗ് മാനുവൽ ലാപ്ടോപ്പ് പ്രൊജക്ടർ കായിക ഉപകരണങ്ങൾ | ഫിസിക്കൽ എജ്യൂക്കേഷൻ ടീച്ചർ | SRG | |

| പ്രവർത്തനം 5 | ഫീൽഡ് ട്രിപ്പ് |
|---|---|
| ലക്ഷ്യങ്ങൾ | • ആരോഗ്യ കായിക വിദ്യാഭ്യാസത്തിലെ പുതിയ സാധ്യതകൾ തിരിച്ചറിയുന്നു<br>• കായിക മേഖലയിലെ നൂതന പശ്ചാത്തല സൗകര്യങ്ങൾ മനസ്സിലാക്കുന്നു<br>• ആരോഗ്യ കായിക വിദ്യാഭ്യാസത്തിലെ തുടർ പഠന സാധ്യതകൾ മനസ്സിലാക്കുന്നു |

| പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | സംഘടനാചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ഫീൽഡ് ട്രിപ്പ് | ✔ LNCPE<br>✔ Stadium സന്ദർശനം | ഫെബ്രുവരി | | ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ | PTA | 5000 |

# ഉപസംഹാരം

അക്കാദമിക വർഷത്തിന്റെ തുടക്കത്തിൽ ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കാനും, പ്രശ്നപരിഹാരം സാധ്യമാക്കാനും അവയെ നിത്യ ജീവിതത്തിൽ കുട്ടികൾക്ക് പ്രാപ്തമാക്കാനും കഴിയും. ഗണിത ക്ലബ്ബിന്റെ രൂപീകരണത്തിനു ശേഷം വിവിധ ഗണിത പരിപാടികളിലൂടെ കുട്ടികളിൽ ഗണിത താല്പര്യമുണ്ടാക്കാനും സാധിക്കും. അധ്യാപക രക്ഷകർതൃ ബന്ധവും അധ്യാപക വിദ്യാർത്ഥി ബന്ധവും നല്ല രീതിയിൽ ഫലപ്രദമായി കൊണ്ടുപോകാൻ സാധിക്കും.

ഓരോ ക്ലാസിലെയും പാഠഭാഗങ്ങൾ അതത് സമയങ്ങളിൽ എടുത്തു തീർക്കാനും അവയിൽ നിന്ന് പരീക്ഷാ പരിശീലനം നൽകുവാനും ഉന്നതമാർക്ക് കരസ്ഥമാക്കാനും സാധിക്കും.